# ബാലസാഹിത്യ ഗ്രന്ഥാവലി

# മാന്ത്രികപ്പൂച്ച

MUNAVIRUL ISLAM HIGH SCHOOL, ERNAKULAM.
Date.....................



സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ,
തിരുവനന്തപുരം.
1971-'72

ബാലസാഹിത്യഗ്രന്ഥാവലി

MUNAVIRUL ISLAM HIGH SCHOOL, ERNAKULAM
Date..................

# മാന്ത്രികപ്പൂച്ച

(കഥ)

1971-1972

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ
തിരുവനന്തപുരം

# ആമുഖം

1971 ജൂൺ-ജൂലായ് മാസങ്ങളിൽ സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷനിൽവച്ച് ഒരു ബാലസാഹിത്യരചനാലയം സംഘടിപ്പിച്ചു. സാഹിത്യകാരന്മാരായ പതിനേഴ് അദ്ധ്യാപകർ അതിൽ പങ്കുകൊണ്ടിരുന്നു. അവരുടെ ശ്രമഫലമായി രൂപംകൊണ്ട ഗ്രന്ഥങ്ങളാണ് അവിടെ അവതരിപ്പിക്കുന്നത്.

പ്രൈമറി വിദ്യാർത്ഥികൾക്കു വേണ്ടി രചിച്ചവയാണ് ഈ ഗ്രന്ഥങ്ങൾ. വിദ്യാർത്ഥികൾക്കു വായനയിലുള്ള ശീലവും താത്പര്യവും വളർത്തുവാൻ ഈ കൃതികൾ ഉപകരിക്കുമെന്നു പ്രത്യാശിക്കുന്നു.

ഡയറക്ടർ

സ്റ്റേററ് ഇൻസ്റ്റിററ്യൂട്ട് ഓഫ് എഡ്യൂക്കേഷൻ

## 1971—1942 ലെ

## പുസ്തകരചനാലയത്തിൽ പാഠംകൊണ്ടവർ

1 ശ്രീ. വി. കെ. ബാലചന്ദ്രൻ.
2 ,, മണിയൂർ ഇ. ബാലൻ
3 ,, എൻ. ഭാസ്കരപിള്ള
4 ,, സി. എൻ. ഗംഗാധരൻ നായർ
5 ,, പി. ഗോപാലകൃഷ്ണൻ നായർ
6 ,, ജെയിംസ് മണിമല
7 ,, ജോസഫ് കുറവിലങ്ങാട്
8 ,, എൻ. കൃഷ്ണൻകുട്ടി.
9 ,, കെ. കൃഷ്ണൻ നായർ
10 ,, വി. പി. കുഞ്ഞിരാമപ്പൊതുവാൾ
11 ,, കുര്യൻ വേമ്പനി
12 ,, എം. നാരായണൻ എമ്പ്രാന്തിരി
13 ,, കെ. വി. രാമനാഥൻ
14 ,, സി. കെ. ശ്രീധരൻ
15 ,, കെ. സുകുമാരൻ നായർ
16 ,, എൻ. വാസുദേവൻ നമ്പ്യാതിരി
17 ,, കെ. വേലായുധൻ

# മാന്ത്രികപ്പൂച്ച

## ഒന്നു്

വൈകുന്നേരത്തെ ഇളം കാറ്റേറ്റുകൊണ്ടു് മന്ത്രികുമാരൻ പതുക്കെ നടന്നു. വഴിയുടെ ഇരുവശവും നിറപ്പകിട്ടുള്ള പൂക്കളുണ്ടായിരുന്നു. കാറ്റിൽ അവ മെല്ലെ നൃത്തം ചെയ്തു. കുന്നുകൾക്കു പിറകിൽ സൂര്യൻ അസ്തമിച്ചു കഴിഞ്ഞിരുന്നു. പടിഞ്ഞാറൻ ചക്രവാളം നിറയെ വർണ്ണഭംഗിയാർന്ന മേഘങ്ങൾ രാത്രിയുടെ വരവിനു് തിരശ്ശീല പിടിച്ചു.

കൂടണയാൻ പോകുന്ന പക്ഷികളുടെ ചിറകടിയൊച്ചയും പാട്ടുകളും കേട്ടുകൊണ്ടു് മന്ത്രികുമാരൻ നടന്നു. അവന്റെ മനസ്സിൽ ആനന്ദം നിറഞ്ഞു. അവൻ മെല്ലെ പാടുവാൻ തുടങ്ങി. ആ പാട്ടു് ഉറക്കെയുറക്കെയായി. ജോലി കഴിഞ്ഞു് വീടുകളിലേയ്ക്കു തിരിച്ചുപോയിരുന്നവർ പാട്ടുകേട്ടു നിന്നുപോയി. അകലെ പച്ചപ്പുൽ മൈതാനത്തിൽ മേഞ്ഞിരുന്ന തടിച്ചു കൊഴുത്ത പശുക്കളും അവയുടെ തുള്ളിക്കളിക്കുന്ന കുട്ടികളും ചെവിയോർത്തു.

പാട്ടിൽ ലയിച്ച ആ ആളുകൾ മന്ത്രികുമാരന്റെ കൂടെ നടക്കുവാൻതുടങ്ങി. മന്ത്രികുമാരനു സന്തോഷമായി. അവൻ കൂടുതൽ മനോഹരമായി പാടി. ആളുകൾ അതു് ഏറ്റുപാടി. സ്ത്രീകളും കുട്ടികളും ചെറുപ്പക്കാരും വൃദ്ധന്മാരുമൊക്കെ ആ കൂട്ടത്തിലുണ്ടായിരുന്നു. അവരെല്ലാവരും ചേർന്നുപാടി. ലോകം മുഴുവൻ തന്നോടൊത്തു പാടുന്നതായി മന്ത്രികുമാരനു തോന്നി

പെട്ടെന്നു് അവനൊന്നു ഞെട്ടി. ആരാണു് കരയുന്നതു് ? എവിടെ നിന്നാണൊരു ദയനീയ ശബ്ദം ? ലോകം മുഴുവൻ

തന്നോടൊപ്പം നടന്നു പോകുമ്പോൾ ആരാണു കരയുന്നതു് ? അയാൾ ചുററും ശ്രദ്ധിച്ചുനോക്കി. വഴിയുടെ ഒരരികിലായി നനഞ്ഞുചേറിയൊരു പൂച്ചക്കുട്ടി. അതു് ഒരു കാലുയർത്തിപ്പിടിച്ചുകൊണ്ടാണിരിക്കുന്നതു്. കറുപ്പും വെളുപ്പുമിടകലർന്ന നിറമുള്ളൊരു പൂച്ചക്കുട്ടി. മന്ത്രികുമാരനിഷ്ടപ്പെട്ടു

"പാവം, പൂച്ചക്കുട്ടി, നിനക്കെന്തുപററി ? " അതിനെ കൈയിലെടുത്തു താലോലിച്ചുകൊണ്ടു് മന്ത്രികുമാരൻ ചോദിച്ചു. അതു വിശ്വാസപൂർവ്വം അവൻെറ കൈയിൽ ചുരുണ്ടുകിടന്നു തൻെറ പരുപരുത്ത കൊച്ചു നാക്കുകൊണ്ടു് അതു് അവൻെറ കൈയിന്മേൽ നക്കി.

സൂക്ഷിച്ചു നോക്കിയപ്പോഴാണു കണ്ടതു്. പൂച്ചക്കുട്ടിയുടെ ഉള്ളംകാൽ മുറിഞ്ഞിരിക്കുന്നു. ആ വേദന കൊണ്ടാണു് അതു് ഉറക്കെക്കരയുന്നതു്.

മന്ത്രികുമാരൻ പൂച്ചക്കുഞ്ഞിനെ എടുത്തുകൊണ്ടു് കൊട്ടാരത്തിലേയ്ക്കു നടന്നു. ടോമാസീനയ്ക്കു നല്ല രസമാവും പൂച്ചക്കുട്ടിയെ കാണുമ്പോൾ.

ടോമാസീന രാജകുമാരിയാണു്. അവരിരുവരും വലിയ കൂട്ടുകാരായിരുന്നു. എപ്പോഴും അവരൊന്നിച്ചാണു്, കളിക്കാനും പഠിക്കാനും ഭക്ഷണം കഴിക്കാനും—അവർ തമ്മിൽ എന്തൊരിഷ്ടമായിരുന്നെന്നോ !

രാജാവിനു് ആൺമക്കളില്ലായിരുന്നു. ആകെയുള്ള ഒരേയൊരു മകളായിരുന്നു ടോമാസീന. അദ്ദേഹം അവളെ ഓമനിച്ചു ലാളിച്ചുവളർത്തി. അവളുടെ ഏതു് ആഗ്രഹവും അദ്ദേഹം നിമിഷങ്ങൾക്കുള്ളിൽ സാധിച്ചുകൊടുക്കാറുണ്ടു്.

മന്ത്രികുമാരനെ അദ്ദേഹത്തിനു് ഇഷ്ടമായിരുന്നു. അവൻ ബുദ്ധിമാനും സമർത്ഥനുമാണെന്നു് രാജാവിനു് അറിയാമായിരുന്നു.

ഒരു ദിവസം രാജകുമാരി അച്ഛനോടു പറഞ്ഞു:

"അച്ഛാ, ഞാൻ വലുതാവുമ്പോൾ റൂപെർട്ടിനെ കല്യാണം കഴിച്ചുകൊള്ളാം. എന്നിട്ട് റൂപെർട്ട് രാജാവാകും—ഞാൻ രാജ്ഞിയും." നിഷ്കളങ്കമായ കണ്ണുകൾ വിടർത്തി അവൾ അച്ഛനെ നോക്കി

അച്ഛൻ അവളെ അരികിൽ ചേർത്തുനിർത്തി. അവളുടെ സ്വർണ്ണനിറമുള്ള ചുരുളൻമുടി തലോടിക്കൊണ്ട് അദ്ദേഹം പുഞ്ചിരിതൂകി. തനിക്ക് ഒരു മകനില്ലാത്ത കുറവ് റൂപെർട്ട് തീർത്തുകൊള്ളും എന്നോർത്തപ്പോൾ രാജാവിന് ആശ്വാസം തോന്നി

പിന്നീട് മന്ത്രികുമാരൻ കൊട്ടാരത്തിൽ തന്നെയായി താമസം.

തോമാസിനെയും റൂപെർട്ടിനേയും പഠിപ്പിച്ചിരുന്നതു് ഒരേ ഗുരുനാഥനാണ്—മെർലിൻ. അദ്ദേഹം വൃദ്ധനായിരുന്നു. ഒരുപാട് കാര്യങ്ങൾ അറിയാമായിരുന്നു അദ്ദേഹത്തിന്. കൂട്ടത്തിൽ ഇന്ദ്രജാലവും. പക്ഷെ അതൊരു രഹസ്യമായിരുന്നു മറ്റെല്ലാവരും ഉറങ്ങിയ ശേഷമേ അദ്ദേഹം എന്തെങ്കിലും വിദ്യകൾ ചെയ്യാറുള്ളൂ

ഭയങ്കര രോഗങ്ങൾകൊണ്ടു കഷ്ടപ്പെടുന്നവർക്ക് മെർലിൻ അത്ഭുതമരുന്നുകൾ ഉണ്ടാക്കിക്കൊടുക്കാറുണ്ട്. നിമിഷങ്ങൾക്കുള്ളിൽ രോഗി സുഖം പ്രാപിക്കും. ഒരു വെളുത്ത എലിയെ അദ്ദേഹം സൃഷ്ടിച്ചു. മനുഷ്യർ പറയുന്നതൊക്കെ ആ എലി മനസ്സിലാക്കും. മനുഷ്യരെപ്പോലെ സംസാരിക്കും. നാടും നഗരവും ഒക്കെ ചുറ്റിനടന്ന് നാട്ടുകാർ പറയുന്നതെല്ലാം ചെവിയോർത്ത് മെർലിനോട് ചെന്നു പറയും. ശത്രുക്കൾ രാജ്യം ആക്രമിക്കാൻ വരു

ന്നാണെങ്കിൽ അതുപോലും ഈ ഏലി കാലേ അറിവുകൊടുക്കും. അതുകാരണം രാജ്യത്തു് കലഹമോ, മോഷണമോ, കൊള്ളയോ, കൊലയോ ഒന്നുമില്ലാതെയായി. പട്ടിണിയില്ല, ക്ഷാമമില്ല. എങ്ങും ഐശ്വര്യം നിറഞ്ഞുനിന്നു. മാറാരോഗങ്ങൾ കൊണ്ടു് ആരും കഷ്ടപ്പെട്ടിരുന്നില്ല. ദുഃഖമോ ദുരിതമോ എങ്ങും കാണാനില്ലായിരുന്നു.

റൂപെർട്ടു് പൂച്ചക്കുട്ടിയേയും കൊണ്ടു് കൊട്ടാരത്തിലേയ്ക്കു കടന്നു. മുൻവശത്തുള്ള മനോഹരമായ തോട്ടത്തിൽ തന്നെ രാജകുമാരിയുണ്ടായിരുന്നു. അവൾ ഓടിച്ചെന്നു. പൂച്ചക്കുട്ടിയെക്കണ്ടപ്പോൾ അവളുടെ കണ്ണുകൾ വിടർന്നു. അവൾ തുള്ളിച്ചാടി അതിനെ പിടിച്ചെടുക്കാൻ ശ്രമിച്ചു അവളെ റൂപെർട്ടു് തടഞ്ഞു.

"വരട്ടെ, അതിനെ ഉപദ്രവിക്കരുതു്!"

ടോമാസീനയ്ക്കു പിണക്കമായി.

"എന്താ, എനിക്കതിനെ ഒന്നെടുത്തുകൂടേ ?"

"എടുക്കാം." മന്ത്രികുമാരൻ പറഞ്ഞു: "നിനക്കുവേണ്ടിയാണു് ഞാൻ ഇതിനെ പിടിച്ചുകൊണ്ടുവന്നതുതന്നെ. ഇതിന്റെ കാലിനു് ഒരു മുറിവു പററിയിട്ടുണ്ടു്. വേദനകൊണ്ടു് ഇതു വഴിയരികിലിരുന്നു നിലവിളിക്കുകയായിരുന്നു."

"അയ്യോ! നോക്കട്ടെ!" പൂച്ചക്കുട്ടിയുടെ സ്ഥിതി കണ്ടപ്പോൾ ടോമാസീനയുടെ കണ്ണുകൾ നിറഞ്ഞു.

"നമുക്കു് മെർളിന്റെ അടുത്തു് ഇതിനെ കൊണ്ടുപോകാം" അവൾ പറഞ്ഞു.

അവരിരുവരുംകൂടി മെർളിന്റെ മുറിയിലേയ്ക്കു നടന്നു. പക്ഷേ വഴിക്കുവെച്ചു് ഒരു ജോലിക്കാരി വന്നു് ടോമാസീനയോടു പറഞ്ഞു:

"അമ്മതമ്പുരാട്ടി വിളിക്കുന്നു. ഉടനെ ചെല്ലാൻപറഞ്ഞു."

പൂച്ചയെ വിട്ടുപിരിയാൻ മനസ്സില്ലെങ്കിലും, അമ്മ വിളിച്ചാൽ ഉടനെ ചെല്ലണമല്ലോ. ടോമാസിനു അങ്ങോട്ടു പോയി.

റുപെർട്ട് തനിച്ച് പൂച്ചക്കുട്ടിയെ കൊണ്ടുപോയി മെർളിന് കാണിച്ചുകൊടുത്തു.

മെർളിൻ പൂച്ചക്കുട്ടിയുടെ മുറിവ് മരുന്നു പുരട്ടി ഉണക്കി. അതിനെ തൊട്ടു തലോടിക്കൊണ്ട് അദ്ദേഹം റുപെർട്ടിനോടു പറഞ്ഞു:

"ഇതിനെ നീ വളർത്തണം. ഈ പൂച്ചക്കുട്ടി കാരണം നിനക്കു മഹാഭാഗ്യങ്ങൾ ലഭിക്കാനിടവരും."

## രണ്ട്

റൂപെർട്ടിൻെറ വിട്ടുപിരിയാത്ത കൂട്ടുകാരനായി ആ പൂച്ചക്കുട്ടി. ടോമാസീനയ്ക്കും അതിനെ വളരെയേറെ ഇഷ്ടമായി. പൂച്ചക്കുട്ടി എല്ലായിടത്തും ഓടിനടക്കും. തുള്ളിക്കളിക്കും. പൂമ്പാറ്റകളുടെ പിന്നാലെ പായും. അവ ആകാശത്തേയ്ക്കു പറന്നു രക്ഷപ്പെടുമ്പോൾ പൂച്ചക്കുട്ടി പിന്നാലെ ചാടി നിലത്തുവീഴും. സ്വന്തം വാലു പിടിക്കാൻ വട്ടം തിരിഞ്ഞു തിരിഞ്ഞു ശ്രമിച്ചു നിരാശനായി, ദേഷ്യം വന്നു ചീറുന്നതു കണ്ട് കുട്ടികൾ ചിരിച്ചു കുഴയും. റൂപെർട്ട് എവിടെയുണ്ടോ അവിടെ പൂച്ചക്കുഞ്ഞുമുണ്ടായിരിക്കും. ചിലപ്പോൾ മന്ത്രികുമാരൻെറ തോളത്തായിരിക്കും അവൻെറ ഇരിപ്പ്.

അവർ കഴിക്കുന്ന വിലയേറിയ, സ്വാദേറിയ ഭക്ഷണവിഭവങ്ങളൊക്കെ പൂച്ചക്കുട്ടിക്കും കിട്ടും.

ഒരു ദിവസം പൂച്ചക്കുട്ടി രാജാവിൻെറ സവാരിബൂട്സിനകത്തു കയറിക്കൂടി. തലമാത്രം പുറത്തു കാണിച്ചുകൊണ്ട് അവനങ്ങനെ ഇരിപ്പായി. കുട്ടികൾക്കിതു കണ്ടപ്പോൾ ചിരി സഹിച്ചില്ല. "പുസ്സ്—ഇൻ—ബൂട്സ്—"ബൂട്സിനകത്തെ പൂച്ചക്കുട്ടി! അവർ ആർത്തുവിളിച്ചു.

പിന്നീട് അവർ പൂച്ചക്കുട്ടിയെ എപ്പോഴും പുസ്സ്-ഇൻ-ബൂട്സ് എന്നു വിളിക്കാൻ തുടങ്ങി. കുറച്ചുനാൾ കഴിഞ്ഞപ്പോൾ പുസ്-ഇൻ-ബൂട്സ്-വെറും ബൂട്സായിച്ചുരുങ്ങി. അതു് പൂച്ചക്കുട്ടിയുടെ സ്ഥിരം പേരായി.

ഒരു ദിവസം ബൂട്സ് കൊട്ടാരത്തിലെ തോട്ടത്തിൽ ഓടിക്കളിക്കുകയായിരുന്നു. മതിലിന്മേൽക്കയറി ഒരു തുമ്പിയെ

പ്പിടിപ്പാൻ അവൻ ശ്രമിച്ചു. തുമ്പി പാറിക്കളിച്ച് ഉയർന്നുപോയപ്പോൾ ബ്രൂട്സ് ഇളിഭ്യനായി നിന്നു. മതിലിന്മേൽ നിന്ന് അവൻ താഴത്തിറങ്ങി. ഒരു തവളയെക്കണ്ടു. സന്തോഷമായി. തവള ചാടിയോടി. ബ്രൂട്സ് പിന്നാലെ പാഞ്ഞു. പിടിച്ചു പിടിച്ചില്ല എന്നായപ്പോൾ തവള അവന്റെ മുഖത്ത് മൂത്രമൊഴിച്ചിട്ട് തടിതപ്പി. പൂച്ചയ്ക്കാകെ അറപ്പും വെറുപ്പുമായി. ദേഷ്യം വന്നു. മുഖം കുറെനേരം പുല്ലിലിട്ടുരച്ച് വൃത്തിയാക്കിയശേഷം തവള പോയവഴി അന്വേഷിച്ചു നടന്നു. തവള ഒരു കല്ലിന്നടിയിൽക്കയറി രക്ഷപ്പെട്ടു കഴിഞ്ഞിരുന്നു.

ഇനിയെന്തിനെക്കിട്ടാനാണ്! ഒരു ലക്ഷ്യവുമില്ലാതെ അലഞ്ഞു നടന്നു. പെട്ടെന്ന് അവൻ ചെവിയോർത്തുനിന്നു. മുഖത്തെ നീണ്ട രോമങ്ങൾ വിറച്ചു. എവിടെയോ ഒരനക്കം.

എവിടെയാണ്? അതെ, പുല്ലിനിടയിലാണ്. നിലത്തോടമർന്ന് വാൽ നിവർത്തി ഉന്നംപിടിച്ച് ഒറ്റച്ചാട്ടം.

കിട്ടിപ്പോയി!

ഒന്നാന്തരമൊരു വെള്ളെലി!

എലി പേടിച്ചു വിറച്ചു കരഞ്ഞു.

"എന്നെ കൊല്ലരുത്. ദയവുചെയ്ത് എന്നെ കൊല്ലരുത്" അതു കരഞ്ഞുകൊണ്ട് അപേക്ഷിച്ചു.

ബ്രൂട്സിനു ചിരിവന്നു. അവൻ ചോദിച്ചു:

"നിന്നെ കൊല്ലരുതെന്നോ! എന്തുകൊണ്ട്? പൂച്ചയ്ക്കു കൊല്ലാനുള്ളവയാണ് ഈ ലോകത്തുള്ള എലികളെല്ലാം. അതു നിനക്കറിയരുതേ? വിഡ്ഢി! കൊല്ലരുതത്രെ!"

"എന്നെ കൊല്ലാതിരുന്നാൽ—" വെളുത്ത എലി പറഞ്ഞു "ഞാൻ മെർളിനോടു പറഞ്ഞ് നിന്നെ ഒരു മാന്ത്രികപ്പൂച്ചയാക്കാം. ഞാനൊരു മാന്ത്രിക എലിയാണ്. എനിക്കു മന്ത്ര-

ഷ്യരുടെ ഭാഷയറിയാം. അവരെപ്പോലെ സംസാരിക്കാനറിയാം. എന്നെ മെർളിൻ സൃഷ്ടിച്ചതാണു്, നിനക്കും എന്നെപ്പോലെ അത്ഭുതവിദ്യകൾ വശമായാൽ സമ്മതമോ? എന്നെ കൊന്നാലോ? ഇപ്പോഴത്തെ വിശപ്പു മാറും. അത്രയല്ലേയുള്ളൂ?"

ബൂട്ട്സ് ആലോചിച്ചു. കാര്യം തരക്കേടില്ലല്ലോ! മനുഷ്യരുടെ ഭാഷ അറിയുക. അവരെപ്പോലെ സംസാരിക്കാറാവുക! കൊള്ളാം. ലോകത്തിൽ ഏതു പൂച്ചയും സാധിച്ചിട്ടുണ്ടു്. ഇതൊക്കെ?

"ശരി-" അവൻ പറഞ്ഞു "എന്നെ മെർളിന്റെയടുത്തേയ്ക്കു കൊണ്ടുപോകൂ"

എലി മുമ്പിൽ പാഞ്ഞു. പൂച്ചപിന്നാലെയും. എലിക്കു പൂച്ചയെ നല്ല വിശ്വാസമില്ലാത്തതിനാൽ അവർ ശരിയ്ക്കും പറക്കെ പായുകയായിരുന്നു, ഇടയ്ക്കിടെ തിരിഞ്ഞുനോക്കിക്കൊണ്ടു്.

## മൂന്നു്

മെർളിന്റെ മുറിയിലേയ്ക്കു് എലി കടന്നുചെന്നു: മെർളിൻ എന്തോകാര്യമായി ആലോചിച്ചുകൊണ്ടു് ഇരിക്കുകയായിരുന്നു. എലി പതിവുപോലെ അദ്ദേഹത്തിന്റെ കാലിൽ തൊട്ടു. മെർളിൻ ആലോചനയിൽ നിന്നു ഞെട്ടിയുണർന്നു് എലിയെ കൈയിലെടുത്തു് അതിന്റെ പുറത്തൊന്നു തലോടി.

"എന്തുണ്ടു് വാർത്തകൾ?"

എലി വിറച്ചുവിറച്ചു് കാര്യം പറഞ്ഞൊപ്പിച്ചു. ഇതിനിടയിൽ നമ്മുടെ ബൂട്സും മുറിയിൽക്കടന്നുവന്നു് ഒരു മൂലയിൽ സ്ഥാനം പിടിച്ചിരുന്നു.

എലിയെ താഴത്തുവച്ചു് മെർളിൻ പൂച്ചയെ കൈയിലെടുത്തു. ബൂട്സിന്റെ തലമുതൽ വാൽവരെ തലോടിക്കൊണ്ടു് മെർളിൻ കുറെനേരം കണ്ണടച്ചുനിന്നു. പിന്നെ പറഞ്ഞു.

"ശരി. ഇന്നുമുതൽ നീയൊരു മാന്ത്രികപ്പൂച്ചയാണു്. നിനക്കു മനുഷ്യരുടെ ഭാഷ ശരിക്കു് മനസ്സിലാവും. മനുഷ്യരെപ്പോലെ സംസാരിക്കാൻ കഴിയും. പക്ഷേ ഒരു കാര്യമുണ്ടു്. ഞാൻ അനുവാദം തരുന്നതുവരെ ഒരാളും ഈ കാര്യം അറിയാനിടവരരുതു്. നിന്റെ അത്ഭുതവിദ്യകളൊന്നും നീ പുറത്തുകാണിക്കരുതു്. ഒരു കാലം വരും. അപ്പോൾ ഞാൻ അനുവാദംതരും."

"ഇപ്പോൾ ഞാൻ സംസാരിച്ചാൽ എന്താണപകടം?" ബൂട്സ് ചോദിച്ചു. അവന്റെ സ്വരം ഒരു മനുഷ്യന്റെ സ്വരം പോലെതന്നെ ആ മുറിയിൽ മുഴങ്ങി! അവൻ ഒരു മാന്ത്രികപ്പൂച്ചയായിക്കഴിഞ്ഞിരിക്കുന്നു!

"ഇപ്പോൾ നീ സംസാരിച്ചാൽ, ഇക്കാര്യം പുറത്തറിയാനിടവന്നാൽ, ഞാനൊരിന്ദ്രജാലക്കാരനാണെന്ന രഹസ്യം പുറത്തുവരും. ഞാനാണു രാജാവിനു ശക്തി നൽകുന്നതെന്ന് ശത്രുക്കളറിയും. അവർ എന്നെ പിടികൂടാൻ ശ്രമിക്കും. രാജ്യം കീഴടക്കാൻ ശ്രമിക്കും. അതുകൊണ്ട്... ഓർമ്മവേണം:" മെർളിൻ പൂച്ചയെ താക്കീതുചെയ്തു.

"എന്നാണ് എനിക്ക് അനുവാദം തരിക?" പൂച്ച ചോദിച്ചു.

"വർഷങ്ങൾ കഴിയണം" മെർളിൻ പറഞ്ഞു. "ഈ രാജ്യത്തിനു വലിയൊരാപത്തു വരാൻ പോകുന്നതു ഞാൻ മുൻകൂട്ടി കാണുന്നുണ്ട്. പക്ഷേ അതു തടുത്തുനിർത്താൻ ആരെക്കൊണ്ടുമാവില്ല. രാജ്യം ശത്രുക്കളുടെ കൈയിലായിത്തീരും. രാജാവും രാജ്ഞിയുമൊക്കെ തടവുകാരാവും. നീയും റൂപെർട്ടും ദൂരെ ഒരു രാജ്യത്തു ചെന്നുപെടും. അപ്പോൾമാത്രം, നിനക്കു നിന്റെ അത്ഭുതശക്തികൾ ഉപയോഗപ്പെടുത്താം; റൂപെർട്ടിനെ സഹായിക്കാം; ഈ രാജ്യത്തെ രക്ഷിക്കാം."

"ശരിയായ സമയമാണെന്ന് ഞാൻ എങ്ങനെ അറിയും?" ബൂട്സ് ചോദിച്ചു.

"ഇപ്പോൾ റൂപെർട്ടും ടോമാസീനയും നിന്നെ ബൂട്സിട്ട പൂച്ചക്കുട്ടി എന്നു വിളിക്കാറില്ലേ? അന്നു നീ ശരിക്കുമൊരു ബൂട്സിട്ട പൂച്ചക്കുട്ടിയായി മാറും. നീ രണ്ടു കാലിൽ നിവർന്നു നടക്കും. നിന്റെ കാലുകളിൽ ചുവന്നു തിളങ്ങുന്ന ബൂട്സും കറുത്ത കാലുറയും നിന്റെ ദേഹത്തിൽ ചുവന്ന മിന്നുന്നകോട്ടും ഉണ്ടാകും. അതുവരെ ഞാൻ പറഞ്ഞതുപോലെ ചെയ്യുക. ഇക്കാര്യം പരമരഹസ്യമായി സൂക്ഷിക്കുക. നിനക്കു നല്ലതു വരട്ടെ." മെർളിൻ പൂച്ചക്കുട്ടിയെ അനുഗ്രഹിച്ച് പറഞ്ഞയച്ചു.

## നാല്

വസന്തം ഭൂമിയെ പലവട്ടം പട്ടുടുപ്പിച്ചു. റൂപെർട്ട് യോഗ്യനും സുന്ദരനുമായൊരു ചെറുപ്പക്കാരനായി വളർന്നു. നീലക്കണ്ണുകളും സ്വർണ്ണത്തലമുടിയുമുള്ള സുന്ദരിയായിത്തീർന്നു ടോമാസീന. മെർളിൻ വൃദ്ധനായി, അവശനായി. അദ്ദേഹം സൃഷ്ടിച്ച വെള്ളെലി ചത്തുപോയി. വേറൊന്നിനെ ഉണ്ടാക്കിയതുമില്ല. ക്ലോവിസ് രാജാവിനും പണ്ടത്തെ ശൗര്യമൊന്നുമില്ലാതായി. രാജ്യത്ത് മുമ്പുണ്ടായിരുന്ന സമാധാനവും സ്വൈരവും കുറഞ്ഞു.

ബൂട്ട്സ് വലിയൊരു പൂച്ചയായി വളർന്നു. അവനെ കണ്ടാൽ ചെറിയൊരു പുലിയാണെന്നു തോന്നും. നീണ്ട വാലിട്ടിഴച്ചുകൊണ്ട് അവൻ കൊട്ടാരത്തിലെങ്ങും ചുററിനടക്കും. തന്റെ കഴിവുകൾ ഉപയോഗപ്പെടുത്താൻ പററാത്തതിൽ ബൂട്ട്സിനു നിരാശയുണ്ടായിരുന്നു. പക്ഷേ മെർളിന്റെ വാക്കുകൾ അനുസരിക്കണമല്ലോ. അവനു സംസാരിക്കാൻ കഴിയുമെന്നോ മനുഷ്യന്റെ ഭാഷ മനസ്സിലാവുമെന്നോ ആർക്കും അറിവില്ലായിരുന്നു. എവിടെയും സ്ഥാനമുണ്ടായിരുന്നു അവന്. രാജാവിന്റെ സഭയിൽപ്പോലും അവൻ കടന്നുചെല്ലും. അവിടെ നടക്കുന്നതൊക്കെ ശ്രദ്ധിച്ചുകൊണ്ട് ഗൗനയിൽ ഇരിക്കും. പലരും അതു കണ്ട് അത്ഭുതപ്പെട്ടിട്ടുണ്ട്. റൂപെർട്ടിന്റെ വിട്ടുപിരിയാത്ത കൂട്ടുകാരനായിരുന്നു അവൻ. നായാട്ടിനു പോകുമ്പോൾപോലും അവൻ റൂപെർട്ടിന്റെ കൂടെ കുതിരപ്പുറത്തുണ്ടായിരിക്കും.

പലപ്പോഴും കൊട്ടാരത്തിലെ ജോലിക്കാർ ചെയ്യുന്ന കളവുകൾ അവന്റെ കണ്ണിൽപ്പെടും. ബൂട്ട്സിനു ദേഷ്യംവരും. പക്ഷേ എന്തു ചെയ്യും? ഇടയ്ക്ക് സഹിക്കാൻ വയ്യാതെയായാൽ അവൻ ഇടപെട്ടെന്നും വരും. എങ്കിലും അപ്പോഴും തന്റെ രഹസ്യം പുറത്തുവരാതെ നോക്കും.

ഒരു ദിവസം അവൻ ഒരു മുറിയിൽക്കിടന്നുറങ്ങുകയായിരുന്നു. രണ്ടു ജോലിക്കാർ അവിടെയിരുന്നു സ്വകാര്യം പറയുന്നുണ്ടായിരുന്നു. കലവറ സൂക്ഷിപ്പുകാരനാണ് ഒരാൾ. മറേറതു് ഒരു ഭടനും. കലവറയിൽനിന്നു് കുറെ സാധനങ്ങൾ പുറത്തു കടത്തണം. അതിനുള്ള പ്ലാൻ അവർ ഉറപ്പിക്കുകയാണു്. പെട്ടെന്നു് അവർ ഞെട്ടിത്തെറിച്ചു.

"ദ്രോഹികളേ! രാജ്യദ്രോഹികളേ! ഇതാണോ നിങ്ങളുടെ പണി അല്ലേ?" ആരോ ചോദിക്കുന്നു.

കലവറക്കാരനും ഭടനും ചാടിയെഴുന്നേററു കിടുകിടാ വിറച്ചുകൊണ്ടു ചുററും നോക്കി. ആരുമില്ല. മുക്കിലും മൂലയിലും നോക്കി. ആരുമില്ല. പെട്ടിപ്പുറത്തു് ഒരു പൂച്ചമാത്രം കണ്ണടച്ച് ഉറങ്ങിക്കിടപ്പുണ്ടു്. കലവറക്കാരനും ഭടനും പ്രാണഭയത്തോടെ വാതിൽ തുറന്നു പുറത്തുകടന്നു. അവിടെയെങ്ങും ആരെയും കണ്ടില്ല. തങ്ങളുടെ പരിപാടിയെക്കുറിച്ചു് അവർ പിന്നെ ചിന്തിച്ചതേയില്ല.

മറെറാരിക്കൽ അർദ്ധരാത്രി കഴിഞ്ഞസമയം. കൊട്ടാരവും പരിസരവും പരിപൂർണ്ണ നിശ്ശബ്ദതയിൽ ആഴ്ന്നിരുന്നു. കൊട്ടാരത്തിനു ചുററുമുള്ള വിശാലമായ വളപ്പിലൂടെ ബൂട്ട്സ് ഭക്ഷണം തേടി നടക്കുകയാണു്. കൊട്ടാരത്തിനകത്തു് ഇഷ്ടംപോലെ നല്ല നല്ല വസ്തുക്കൾ അവനു് തിന്നാൻ കിട്ടും. എങ്കിലും സ്വന്തം കൈകൊണ്ടു് പിടിച്ചു കൊന്നുതിന്നാലേ അവനു സുഖമുള്ളു. അങ്ങനെ നടക്കുമ്പോഴാണു് രണ്ടുപേർ പതുങ്ങിപ്പതുങ്ങി വരുന്നതു കണ്ടതു്. അവർ രഹസ്യമായി പറയുന്നതെല്ലാം ശ്രദ്ധിച്ചുകൊണ്ടു് ബൂട്ട്സ് അവരിൽനിന്നു് അല്പം ദൂരെ മാറി ഒപ്പം നടന്നു. കൊട്ടാരത്തിൽ നിന്നു് കുറെ ആഭരണങ്ങൾ മോഷ്ടിക്കാനാണു് അവർ വരുന്നതു്. ആഭരണങ്ങൾ സൂക്ഷിച്ചിട്ടുള്ള മുറിക്കു കാവൽ നിൽക്കുന്നവരെ കൊല്ലാൻ അവർ തയ്യാറായിരുന്നു.

അവർ ഉദ്ദേശിച്ച സ്ഥലത്തിനു് അടുത്തെത്തി. കാവൽക്കാർ രണ്ടുപേരും ഉറക്കമാണു്. കള്ളന്മാർ അവരുടെ അടുത്തായി. ബ്രൂട്ട്സ് ചാടിക്കുതിച്ച് കാവൽക്കാരുടെ അടുത്തെത്തി ഒരു ചുമരിന്റെ മറവിൽ നിന്നു. കള്ളന്മാർ വാളൂരി. പെട്ടെന്നു് ബ്രൂട്ട്സ് വിളിച്ചുകൂവി.

"കള്ളൻ! കള്ളൻ! അയ്യോ, കള്ളൻ!"

കാവൽക്കാർ ഞെട്ടിപ്പിടഞ്ഞെണീററു. ഒക്കൊപ്പുറത്തു് ഒച്ചയും വിളിയും കേട്ടപ്പോൾത്തന്നെ കള്ളന്മാർ തിരിഞ്ഞു മണ്ടിക്കഴിഞ്ഞിരുന്നു.

* * * * * * *

മാങ്ക്ലിം എന്നൊരു ശത്രുരാജാവു് ആക്രമണത്തിനു വരുന്നുണ്ടെന്നുള്ള വാർത്ത പരന്നു. വമ്പിച്ച സൈന്യമാണു് മാങ്ക്ലിം രാജാവിനുള്ളതു്. നാട്ടിലാകെ പരിഭ്രമമായി.

ശത്രുസൈന്യം നാട്ടിലെത്തുംമുമ്പേ അവരെ തടുക്കണമെന്നു കരുതി രാജാവിന്റെ സൈന്യത്തെയുംകൊണ്ടു് മുന്നോട്ടു പോകാൻ റൂപെർട്ട് സന്നദ്ധനായി. രാജാവിനെക്കണ്ടു യാത്രപറഞ്ഞു ടോമാസിനെയെ വിട്ടുപിരിയാൻ റൂപെർട്ടിനു സങ്കടമുണ്ടായിരുന്നു. പക്ഷേ രാജ്യത്തെ രക്ഷിക്കണമല്ലോ. യാത്രപറഞ്ഞിറങ്ങുമ്പോൾ ബ്രൂട്ട്സ് റൂപെർട്ടിന്റെ കാലിന്മേൽ മുട്ടിയുരുമ്മിനിന്നു. അയാളുടെ മുഖത്തെയ്ക്കുററുനോക്കി. ഒരുപാടു കാര്യങ്ങൾ പറയണമെന്നുണ്ടായിരുന്നു ബ്രൂട്ട്സിനു്. പക്ഷേ മിണ്ടാൻ പാടില്ലല്ലോ. മെർളിന്റെ കല്പനയല്ലേ ?

റൂപെർട്ട് ടോമാസിനയോടു പറഞ്ഞു: "ബ്രൂട്ട്സിനെ നീ നല്ലപോലെ നോക്കണം. ഞാനില്ലാത്ത കുറവു് അവൻ അറിയരുതു്."

ബ്രൂട്ട്സിനു പറയണമെന്നു തോന്നി: "അങ്ങനെയല്ല റൂപെർട്ട്. ഞാൻ ടോമാസിനെയെ നോക്കിക്കൊള്ളാം." പക്ഷേ അവൻ ഒന്നും പറയുകയുണ്ടായില്ല.

റൂപെർട്ട് ഇറങ്ങിപ്പോയി.

ബ്രൂട്ട്സ് മെർളിന്റെ അടുത്തേയ്ക്കോടി. മെർളിൻ അവശനായിക്കിടക്കുകയായിരുന്നു. അവൻ അദ്ദേഹത്തിന്റെ കട്ടിലിൽ ചാടിക്കയറി. അടുത്തു ചുരുണ്ടുകിടന്നു. മെർളിൻ ബ്രൂട്ട്സിനെ തലോടിക്കൊണ്ടു പറഞ്ഞു:

ഞാൻ അന്നു പറഞ്ഞ കാലം ഇതാ വന്നിരിക്കുന്നു. രാജ്യത്തിനു വമ്പിച്ച നാശം അടുത്തിരിക്കുകയാണു്. അതു തടുത്തുനിർത്താൻ എനിക്കു ശക്തിയില്ല. രാജാവിനേയും രാജ്ഞിയേയും രാജകുമാരിയേയും ശത്രുക്കൾ പിടിച്ചുകൊണ്ടുപോകും. അപ്പോൾ റൂപെർട്ടിനെ കണ്ടുപിടിക്കണം. നിങ്ങൾക്കു രണ്ടുപേർക്കുംകൂടി ഈ രാജ്യത്തെ രക്ഷിക്കാൻ സാധിക്കും."

"അങ്ങയുടെ സ്ഥിതിയോ ?"—ബ്രൂട്ട്സ് സങ്കടത്തോടെ ചോദിച്ചു.

"എനിക്കു് ഈ ലോകം വിട്ടുപോകാൻ സമയമായി. എന്റെ ഇന്ദ്രജാലങ്ങളുടെ അത്ഭുതലോകത്തിലേയ്ക്കു ഞാൻ തിരിച്ചുപോകുന്നു. എന്നെയോർത്തു് നീ ദുഃഖിക്കരുതു്. നിന്റെ യജമാനനേയും ടോമാസിനേയും രക്ഷിക്കുവാൻ കഴിയുന്നതെല്ലാം നീ ചെയ്യണം." ബ്രൂട്ട്സിന്റെ പുറത്തു് തലോടിക്കൊണ്ടു് മെർളിൻ പറഞ്ഞു.

## അഞ്ചു്

റൂപെർട്ടിൻെറ സൈന്യവും മാക്സിം രാജാവിൻെറ സൈന്യവും തമ്മിൽ ഏറ്റുമുട്ടി. ഭയങ്കരമായ യുദ്ധം നടന്നു. ചീറിപ്പായുന്ന അസ്ത്രങ്ങൾ കൊണ്ടു് ആ അന്തരീക്ഷം നിറഞ്ഞു. കുന്തങ്ങളും പരിചകളും ഇടഞ്ഞു. വാളുകൾ വാളുകളെ കൊത്തിനുറുക്കി. പോരാളികൾ വെട്ടേററു വീണു. യുദ്ധഭൂമിയിലെ മണ്ണു രക്തം കൊണ്ടു് കുതിന്നു് ചുവന്നു. റൂപെർട്ടും ഭടന്മാരും വീറോടെ പൊരുതി. പക്ഷേ മാക്സിം രാജാവിൻെറ സൈന്യത്തിൽ അരലക്ഷം പട്ടാളക്കാരുണ്ടായിരുന്നു. റൂപെർട്ടിൻെറ കൂടെയോ ? വെറും പതിനായിരം !

എത്രനേരം എത്ര ധീരമായി പൊരുതിയിട്ടും റൂപെർട്ടിൻെറ സൈന്യം ചിതറിപ്പോയി. കുതിരകൾ വിരണ്ടോടി. ചക്രങ്ങൾ തെറിച്ചു. തേരുകൾ തകർന്നുവീണു. ഓടിപ്പോകാത്ത ഭടന്മാർ യുദ്ധക്കളത്തിൽ മരിച്ചുവീണു.

മാക്സിം രാജാവിൻെറ പട്ടാളം ആർത്തിരമ്പിമുന്നോട്ടു നീങ്ങി. മലവെള്ളംപോലെ അവർ ക്ലോവിസ് രാജാവിൻെറ രാജ്യത്തേയ്ക്കു് അലയടിച്ചുകയറി. കൊട്ടാരം അവർ കൈയേറി. ഭണ്ഡാരം കൊള്ളചെയ്തു രാജാവിനേയും രാജ്ഞിയേയും മകളേയും തടവുകാരാക്കി.

രാജാവിൻെറ പ്രധാന ഉപദേശകൻ എന്നു കേൾവികേട്ട മെർളിൻെറ മുറിയിലേയ്ക്കു് മാക്സിം രാജാവു കടന്നുചെന്നു.

മുറി ഒഴിഞ്ഞു കിടന്നു. അതിൽ കുറെ ഗ്രന്ഥങ്ങളുണ്ടായിരുന്നു. ഒരു മൂലയിൽ ഒരു പൂച്ച ഇരുന്നിരുന്നു. തൻെറ പച്ചക്കണ്ണുകൾ തുറിച്ചു് അതു രാജാവിനെ ഉഗ്രമായി നോക്കി.

രാജാവിനു് ആ നോട്ടം പിടിച്ചില്ല.

"കൊല്ലു് ആ പൂച്ചയെ !"—രാജാവു് കല്പിച്ചു.

ഭടന്മാർ മുന്നോട്ടായും മുമ്പേ പൂച്ച കുതിച്ചുചാടി. ജനലിലൂടെ പുറത്തുകടന്നു. പുരപ്പുറത്തുക്കൂടി കയറിയിറങ്ങി, താഴത്തെത്തി, പുറത്തേയ്ക്കോടി. ഗോപുരത്തിൽ കാവൽ നിന്നിരുന്ന ഒരു ഭടൻ അവന്റെനേരെ ഒരു കല്ലു വലിച്ചെറിഞ്ഞു. കല്ലു കൊള്ളാതെ ബൂട്ട്സ് ഒഴിഞ്ഞുമാറി. ഒരുനിമിഷം തിരിഞ്ഞുനിന്നിട്ടു് ബൂട്ട്സ് ഭടനോടു വിളിച്ചുപറഞ്ഞു:

"ഉന്നംവെച്ചു് എറിയാൻ അറിയാത്ത വിഡ്ഢി! നീയാണോ ഭടൻ !"

ഭടൻ അമ്പരന്നു. പൂച്ച സംസാരിക്കുകയോ? ആ വഴി വന്ന മറ്റൊരു പട്ടാളക്കാരനോടു് അയാൾ പറഞ്ഞു:

"ആ പോയ പൂച്ചയുണ്ടല്ലോ, അതെന്നോടു് എന്തോ വിളിച്ചുപറഞ്ഞു, മനുഷ്യരെപ്പോലെ !"

"എടോ, തലയ്ക്കു് ഓളം കയറിയാൽ ഇങ്ങനെയൊക്കെ തോന്നും" എന്നു പറഞ്ഞു് മറ്റേ ഭടൻ പോയി.

കൊട്ടാരത്തിൽനിന്നു് പുറത്തുകടന്ന ബൂട്ട്സ് ഒരു ലക്ഷ്യവുമില്ലാതെ ഓടിക്കൊണ്ടേയിരുന്നു. റുപെർട്ടിനെ കണ്ടെത്തണം. എവിടെയായിരിക്കും തന്റെ യജമാനൻ? ആരോടും ചോദിക്കാൻ പാടില്ലല്ലോ. വഴിവക്കിൽ ഇരുന്നുകൊണ്ടു് ബൂട്ട്സ് കടന്നുപോകുന്നവരെയൊക്കെ നോക്കി. കാൽനടക്കാർ, കുതിരവണ്ടിയിൽപ്പോകുന്നവർ, കുതിരപ്പുറത്തിരുന്നു് യാത്രചെയ്യുന്നവർ എല്ലാവരേയും അവൻ ഉററുനോക്കി. സത്രങ്ങളായ സത്രങ്ങൾ തോറും ബൂട്ട്സ് കയറിയിറങ്ങി. പട്ടണങ്ങളിലെ തിരക്കേറിയ,

തെരുവീഥികൾ. ആളനക്കമില്ലാത്ത ഗ്രാമങ്ങളിലെ ഇടവഴികൾ. വാനമ്പാടികളുടെ മധുരമായ പാട്ടുമാത്രം മുഴങ്ങുന്ന കുന്നിൻചെരിവുകൾ, പാടിപ്പതഞ്ഞൊഴുകുന്ന നദീതീരങ്ങളിലെ ആൾപ്പാർപ്പില്ലാത്ത കുടിലുകൾ—എല്ലായിടത്തും ബ്രൂട്ട്സ് അലഞ്ഞുനടന്നു. എവിടെ, തന്റെ റുപെർട്ടെവിടെ ?

---

## ആറ്

ഒരു കാട്ടുപ്രദേശത്തിനടുത്തുള്ള ചെറിയൊരു കുടിലിൽ ഒററയ്ക്കു ചുരുണ്ടുകൂടി കിടക്കുകയായിരുന്നു റൂപെർട്ട്. അവൻ അവശനായിരുന്നു. ശത്രുക്കളുടെ പിടിയിൽനിന്നു കഷ്ടിച്ചു രക്ഷപ്പെട്ടശേഷം ഒളിച്ച് നടക്കുകയായിരുന്നു. ശരിക്കു ഭക്ഷണമില്ല. വിശ്രമമില്ല. ഇതിനൊക്കെപ്പുറമെ, അവൻെറ കൈയ്ക്കു വലിയൊരു മുറിവേററിരുന്നു. അതു പഴുത്തിരുന്നു. നടന്നു പോകുമ്പോൾ ആളൊഴിഞ്ഞ ഒരു കുടിൽ കണ്ടു. കയറി ഒരിടത്തു ചുരുണ്ടുകിടന്നു. കിടന്നപാടേ ഉറങ്ങിപ്പോയി. വേദനയും ക്ഷീണവും അത്രയ്ക്കുണ്ടായിരുന്നു.

കുറെക്കഴിഞ്ഞു് എന്തോ ശബ്ദം കേട്ടതായിത്തോന്നി റൂപെർട്ട് ഉണർന്നു. ചുററും സൂക്ഷിച്ചു നോക്കി. ഒന്നുമില്ല, പിന്നെ ഉറക്കം വരാതായി. ടോമാസീനയുടെ സ്ഥിതി എന്താണെന്നറിഞ്ഞുകൂടാ. അതോർക്കുമ്പോൾ സ്വന്തം വേദനയും ക്ഷീണവുമെല്ലാം മറന്നുപോകുന്നു.

"നാളെത്തന്നെ പുറപ്പെടണം. നാട്ടിലേയ്ക്കു മടങ്ങണം. എന്തുതന്നെ വന്നാലും ടോമാസീനയേയും രാജാവിനേയും, രാജ്ഞിയേയും രക്ഷിക്കണം"—റൂപെർട്ട് നിശ്ചയിച്ചു.

നിശ്ചയിക്കാനെളുപ്പമായിരുന്നു. പക്ഷേ കാര്യം നടത്താനോ? നടക്കാൻപോലും അവനു വയ്യാ. കുതിരയാണെങ്കിൽ യുദ്ധത്തിൽ ചത്തുപോയിരുന്നു.

അങ്ങനെ ഓരോന്നു ചിന്തിച്ച് ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്നു. ഓർക്കുന്തോറും അവനു സങ്കടം കൂടിക്കൂടി വന്നു. കൈയിലെ വേദന കൂടിവന്നു. വയററിൽ വിശപ്പിൻെറ കാളലും.

പെട്ടെന്നാണ് അവൻ ഒരു ശബ്ദം കേട്ടത്.

ഒരു മൃദുശരീരം വന്നു തൊട്ടുരുമ്മുന്നു. "...ർർർർ..." എന്നൊരു ശബ്ദം. റൂപെർട്ട് നോക്കി. രണ്ടു പച്ചക്കണ്ണുകൾ. ഇരുട്ടിൽത്തിളങ്ങുന്ന രണ്ടു പച്ചക്കണ്ണുകൾ. അവന്റെ മുഖത്തിനടുത്തേയ്ക്കു നീങ്ങിവരുന്നു.

റൂപെർട്ടിനു പേടി തോന്നിയില്ല.

അവനു മനസ്സിലായിക്കഴിഞ്ഞു—ബൂട്ട്സ്!

ബൂട്ട്സിനെ അവൻ വാരിയെടുത്തു. കെട്ടിപ്പിടിച്ച് ഉമ്മ വച്ചു റൂപെർട്ടിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

"ബൂട്ട്സേ, എന്റെ ബൂട്ട്സേ! ടോമാസീനയെവിടെ? രാജാവെവിടെ? അയ്യോ, നിനക്കു സംസാരിക്കാനാവില്ലല്ലോ. കഷ്ടം! നിന്നോടെന്തെല്ലാം ചോദിച്ചറിയണമെന്നുണ്ട്!"

റൂപെർട്ടിന്റെ സങ്കടം കണ്ടപ്പോൾ ബൂട്ട്സിനു സഹിച്ചില്ല എങ്കിലും അവൻ മെർലിന്റെ കല്പനയോർത്തു. സംസാരിച്ചു തുടങ്ങുവാൻ സമയമായിട്ടില്ലല്ലോ. പാവം, എന്താശ്വാസമായിരിക്കും അവൻ സംസാരിച്ചാൽ! എങ്കിലും ഒരു സാധാരണ പൂച്ചയെപ്പോലെ കുറുങ്ങിക്കൊണ്ട് അവൻ റൂപെർട്ടിനോട് ഒട്ടിച്ചേർന്നുകിടന്നു. അവന്റെ ഇളംചൂടേററപ്പോൾ റൂപെർട്ടിനു സുഖം തോന്നി. ആ ചങ്ങാതിമാർ സുഖമായി അങ്ങനെ കിടന്നുറങ്ങി.

നേരം പുലർന്നു. റൂപെർട്ട് ഉണർന്നു. അപ്പോഴും ഉറക്കമായിരുന്ന ബൂട്ട്സിനെ തട്ടിയുണർത്തി.

"വാ! നമുക്കു പുറപ്പെടാം. നാട്ടിൽപോയി ടോമാസീനയെ രക്ഷിക്കണം. സമയം ഇനി കളഞ്ഞാൽപ്പററില്ല." റൂപെർട്ട് പറഞ്ഞു.

"വേണ്ട. വരട്ടെ. സമയമായിട്ടില്ല." എന്നാണവൻ പറയുന്നതെന്നു തോന്നി ബൂട്ട്സിനു്. പക്ഷേ അവൻ മിണ്ടിയില്ല. എങ്കിലും ഈ പരിപാടി തനിക്കിഷ്ടമല്ലെന്ന ഭാവത്തിൽ അവൻ തലയാട്ടി. അതു കണ്ടപ്പോൾത്തന്നെ റൂപെർട്ടിനു് അത്ഭുതമായി.

പൂച്ചയ്ക്കു നടക്കാൻ വയ്യാഞ്ഞിട്ടാവുമെന്നു കരുതി റൂപെർട്ട് പറഞ്ഞു: "നീ നടക്കേണ്ട. ഞാൻ നിന്നെ തോളിലെടുത്തു കൊള്ളാം."

പിടിക്കാൻ ചെന്നപ്പോൾ ബൂട്സ് കുതറിയോടി. കട്ടിലിന്റെ ഒരു മൂലയ്ക്കൽച്ചെന്നിരിപ്പായി. റൂപെർട്ടിനു ദേഷ്യം വന്നുതുടങ്ങി. അവൻ വീണ്ടും പൂച്ചയുടെ അടുത്തേയ്ക്കു ചെന്നു. പൂച്ച എഴുന്നേററോടി.

"ശരി, നീ വരുന്നില്ലെങ്കിൽ വേണ്ട. ഞാൻ പോകുന്നു."— റൂപെർട്ട് തിരിഞ്ഞു് വാതില്ക്കലേയ്ക്കു നടന്നു. ബൂട്സിനെ ഒന്നുകൂടി തിരിഞ്ഞു നോക്കിയിട്ട് പുറത്തേക്കിറങ്ങി.

അല്പദൂരം നടന്നശേഷം തിരിഞ്ഞു നോക്കിയപ്പോൾ ബൂട്സ് പിന്നാലെ വരുന്നതായിക്കണ്ടു. റൂപെർട്ടിനു ചിരിവന്നു. അവൻ ഒപ്പമെത്തട്ടെ. റൂപെർട്ട് വേഗത്തിൽനടന്നു.

പെട്ടെന്നു് പിന്നിൽ നിന്നാരോ തന്നെ പേരെടുത്തു വിളിച്ചതായി തോന്നി. ഈ സ്ഥലത്തു്, ഈ കാട്ടുപ്രദേശത്തു്, തന്നെ അറിയുന്നവർ ആരാണു് ? അവൻ അത്ഭുതപ്പെട്ടുപോയി.

തിരിഞ്ഞു നോക്കിയപ്പോൾ അവന്റെ അത്ഭുതം പത്തിരട്ടിയായി, നൂറിരട്ടിയായി വളർന്നു.

ബൂട്സ് രണ്ടുകാലുകളിൽ എണീററു് മനുഷ്യരെപ്പോലെ നിവർന്നു നില്ക്കുന്നു. കാലുകളിൽ തിളങ്ങുന്ന ചുവന്ന ബൂട്സ്.

നല്ല കറുത്തനിറത്തിലുള്ള കാലുറകൾ. അതിനു മുകളിൽ നന്നമി ചുവന്നകോട്ട് !

റൂപെർട്ട് കണ്ണുമിഴിച്ച് വായ് തുറന്ന് അന്തംവിട്ടുനിന്നു പോയി. പിന്നെ അവൻ കണ്ണടച്ച് തിരുമ്മി വീണ്ടും തുറന്നു നോക്കി. സ്വപ്നമാണോ ? സ്വയം നുള്ളിനോക്കി. അല്ല. താനുറങ്ങുകയല്ല.

"പരിഭ്രമിക്കേണ്ട റൂപെർട്ട്! ഇതു് അങ്ങയുടെ ബൂട്സ് തന്നെയാണ്. മെർളിൻെറ വിദ്യയാണിതു്."

ബൂട്സ് ശരിയായ മനുഷ്യനെപ്പോലെ സംസാരിക്കാൻ തുടങ്ങിയപ്പോൾ റൂപെർട്ടിനു് കൂടുതൽ അമ്പരപ്പായി.

ബൂട്സ് നടന്നതെല്ലാം പറഞ്ഞു.

"അങ്ങ് ഒന്നുകൊണ്ടും ഭയപ്പെടരുതു്. എല്ലാം നേരെയാകും എന്നു മെർളിൻ പറഞ്ഞിട്ടുണ്ട്. പക്ഷേ, അതിനുമുമ്പ് ഒരു പാട് കഷ്ടതകൾ സഹിക്കേണ്ടിവരും."

"എന്തും സഹിക്കാം. എന്തും നേരിടാം. ടോമാസിനെയെ രക്ഷിക്കാൻ, രാജാവിനെയും രാജ്ഞിയെയും രക്ഷിക്കാൻ, രാജ്യത്തെ രക്ഷിക്കാൻ !"

റൂപെർട്ടിൻെറ കണ്ണുകൾ തിളങ്ങി.

ബൂട്സും റൂപെർട്ടും കൈകോർത്തു പിടിച്ച് മുന്നോട്ട് നീങ്ങി. റൂപെർട്ട് ഇടക്കിടെ ബൂട്സിനെ ഉററുനോക്കി അത്ഭുതപ്പെട്ടു. അന്നു് വഴിയരികിലൊരിടത്തിരുന്ന് ദയനീയമായി കരഞ്ഞിരുന്ന പൂച്ചക്കുഞ്ഞാണോ ഇതു്? അന്ന് അവശനായ ആ കൊച്ചു പൂച്ചയെ എടുത്തുകൊണ്ടുവരുമ്പോൾ, ആപത്തുകാലത്തു് അതു് ഇത്രയും വലിയ സഹായിയായിത്തീരുമെന്ന് അവൻ സ്വപ്നത്തിൽപ്പോലും കരുതിയോ ?

## ഏഴ്

കാട്ടുവഴികളും നാട്ടുപാതകളും പിന്നിട്ട് അവർ അങ്ങനെ പോയി. ഉച്ചയ്ക്ക് മരത്തണലിലിരുന്നു വിശ്രമിച്ചു. കാട്ടരുവിയിൽ നിന്നു വെള്ളം കുടിച്ചു. പഴങ്ങൾ പറിച്ചുതിന്നു. ബൂട്ട്സിനു പഴങ്ങളൊന്നും പോരായിരുന്നു. പക്ഷെ അവന് ഭക്ഷണക്ഷാമമില്ലായിരുന്നു. കാടല്ലേ ! അവർ പൂഞ്ചോലകളുടെ പാട്ടുകേട്ടുനടന്നു കിളികളുടെ പാട്ടുകേട്ടുറങ്ങി.

ഉണർന്ന് വീണ്ടും നടന്നു. വൈകുന്നേരമായി. നിഴലുകൾക്കു നീളം വച്ചു. സൂര്യൻ അസ്തമിച്ചു. മെല്ലെ ഇരുട്ടുവന്നു. വനപ്രദേശമാകെ ഇരുളിലാണ്ടു. ഭീകരമായ ഇരുട്ട്. ചുററുപാടും എന്തെല്ലാമോ ശബ്ദങ്ങൾ. അലർച്ചകൾ. കൂക്കിവിളികൾ. പിന്നെ പേടിപ്പിക്കുന്ന നിശ്ശബ്ദത. വീണ്ടും ഗർജ്ജനങ്ങൾ. ഓരികൾ.

ഇതിലൊന്നും പതറാതെ അവർ നടന്നു. ദൂരെ ഒരു ചെറിയ വെളിച്ചം. വെളിച്ചത്തിന്റെ ഒരു പൊട്ട് ഇലകൾക്കിടയിൽ തെളിഞ്ഞും മറഞ്ഞും പ്രകാശിക്കുന്നു. എന്തെങ്കിലുമാകട്ടെ. അവരങ്ങോട്ടു നടന്നു. അടുത്തു ചെന്നപ്പോൾ, ഒരു ചെറിയ വീടാണ്. അതിനകത്തു നിന്ന് ആരോ പാടുന്നു. ഒരു വൃദ്ധയുടെ സ്വരം പോലെ തോന്നി.

റൂപെർട്ട് വാതിൽക്കൽ മുട്ടി. വരുന്നതു വരട്ടെ. വാതിൽ തുറന്നു. വിചാരിച്ചതുപോലെ ഒരു വൃദ്ധ.

“വരൂ, റൂപെർട്ട് വരൂ.”— വളരെ നാളത്തെ പരിചയമുള്ളതുപോലെ വൃദ്ധ ചിരിച്ചുകൊണ്ട് ക്ഷണിച്ചു.

റൂപെർട്ട് അമ്പരന്നു– ഈ കാട്ടിൽ, തന്നെ അറിയുന്ന ഈ സ്ത്രീ ഏതാണ് ?

"വരൂ റൂപെർട്ട് സംശയിക്കാതെ കടന്നുവരൂ. ആദ്യം ഭക്ഷണം കഴിക്കൂ. പിന്നീട് ഞാൻ നിന്റെ കൈയിലെ മുറിവു കഴുകി മരുന്നു വെച്ചുതരാം."

റൂപെർട്ടിന് അത്ഭുതപ്പെടാനേ കഴിഞ്ഞുള്ളൂ. എല്ലാമറിയുന്ന ഈ സ്ത്രീ ഏതാണ്? അവർ തുറന്നു ചോദിച്ചു.

ചിരിച്ചുകൊണ്ടു വൃദ്ധ പറഞ്ഞു.

"ഞാനാരായാലെന്താ? എല്ലാം എനിക്കറിയാം. എല്ലാം നാളെപ്പറയാം. ഇപ്പോൾ ഭക്ഷണം കഴിക്കുക. എന്നിട്ടാവാം മററു കാര്യങ്ങൾ."

നല്ലൊരു അടുക്കളയിലേയ്ക്ക് അവർ കടന്നു. സുഖകരമായ ചൂട്. ഒന്നാന്തരം മേശയും കസേരകളും. തിളങ്ങുന്ന പാത്രങ്ങൾ.

അവർ സുഖമായി ഭക്ഷണം കഴിച്ചു. എന്തെല്ലാം വിഭവങ്ങളായിരുന്നു! എന്തൊരു സ്വാദായിരുന്നു!

വൃദ്ധ റൂപെർട്ടിന്റെ മുറിവ് നല്ലതുപോലെ കഴുകി മരുന്നുവച്ചു കെട്ടിക്കൊടുത്തു. കിടക്ക വിരിച്ചുകൊടുത്തു. അതിന്മേൽക്കിടന്നു റൂപെർട്ട സുഖമായി ഉറങ്ങി. അടുത്തുതന്നെ ഒരു തലയണയിന്മേൽക്കിടന്നു ബ്യൂട്സും ഉറങ്ങി.

കിളികളുടെ പാട്ടുകേട്ടു. ഇളം ചൂടുള്ള വെയിലേററു. അപ്പോഴാണ് നേരം പുലർന്ന കഥ അറിയുന്നതു്. റൂപെർട്ട് ചാടിയെണീററു. കൈയിന്റെ വേദന നിശ്ശേഷം മാറിയിരിക്കുന്നു!

വൃദ്ധ നല്ലൊരു പ്രാതലൊരുക്കിക്കാത്തിരിക്കുകയായിരുന്നു. റൂപെർട്ടിന്റെ കൈയിലെ കെട്ട് അവർ അഴിച്ചുനോക്കി. മുറിവ് നിശ്ശേഷം ഉണങ്ങിയിരിക്കുന്നു!

വൃദ്ധ പറഞ്ഞു, "ഈ മരുന്ന് എനിക്കു മെർളിൻ തന്നതാണ്."

"മെർലിനോ !" റൂപെർട്ട ചോദിച്ചു." മെർലിൻ ഇവിടെ വന്നിരുന്നോ ?"

"വന്നിരുന്നു. അദ്ദേഹമാണു് നിങ്ങളുടെ കാര്യമൊക്കെ പറഞ്ഞുതന്നതു്. മെർലിൻ ഇപ്പോൾ മായാജാലങ്ങളുടെ ലോകത്തിലാണു്. ഈ മൂന്നു സ്വർണ്ണക്കല്ലുകൾ അദ്ദേഹം ഏല്പിച്ചതാണു്, നിനക്കു തരുവാൻ. അത്യന്തം അപകടത്തിൽപ്പെടുമ്പോൾ മാത്രം ഇതിലൊരെണ്ണം ഉപയോഗിക്കുക. ഒരു സ്വർണ്ണക്കല്ലു് എടുത്തു് മെർലിനെ ധ്യാനിച്ചു് നിന്റെ ആവശ്യം പറഞ്ഞു് മേലോട്ടെറിയുക. ടോമാസീനയും അപ്പൂന്മാരും പടിഞ്ഞാറു പടിഞ്ഞാറു് ഇരുളടഞ്ഞ ഒരു കൊട്ടാരത്തിൽ തടവുകാരാണു് അവിടെയെത്തുമ്മുമ്പു് നിങ്ങൾക്കു് ഒട്ടേറെ അപകടങ്ങൾ നേരിടേണ്ടി വരും. ധൈര്യപൂർവ്വം പെരുമാറണം. സൂര്യാസ്തമയം ലക്ഷ്യമാക്കി നടന്നുകൊള്ളൂ. അവിടെയെത്തും" വൃദ്ധ അവരെ അനുഗ്രഹിച്ചു.

വൃദ്ധയോടു യാത്രപറഞ്ഞു മന്ത്രികുമാരനും മാന്ത്രികപ്പൂച്ചയും പടിഞ്ഞാറോട്ടു് യാത്രയാരംഭിച്ചു.

---

## എട്ട്

ഒരു പകൽ മുഴുവൻ അവർ നടന്നു. പടിഞ്ഞാറോട്ട് പടിഞ്ഞാറോട്ട്. സൂര്യൻ അസ്തമിച്ചു. പടിഞ്ഞാറ് ആകാശം മുഴുവൻ ചുവപ്പും സ്വർണ്ണവർണ്ണവും കലർന്ന മേഘങ്ങൾ നിറഞ്ഞു. ആ നിറപ്പകിട്ടിനു മുന്നിൽ പടുക്കൂററനായ ഒരു കൊട്ടാരം തലയുയർത്തി നിൽക്കുന്നു. ആരോ വരച്ചിട്ട കറുത്ത ചിത്രംപോലെ.

അവർ കൊട്ടാരത്തിൻെറ ഗോപുരത്തിലെത്തി. വാതിൽക്കൽ മുട്ടി. ആരും വരുന്നില്ല. പതുക്കെ തള്ളിനോക്കി. നല്ല ശക്തിയോടെ തള്ളിയപ്പോൾ വാതിൽ മെല്ലെ തുറന്നു. കാടുകയറിക്കിടക്കുന്ന ഒരു ഉദ്യാനം. അതിനപ്പുറത്ത് കൊട്ടാരത്തിൻെറ പ്രധാനപ്പെട്ട വാതിൽ. ആ വാതിൽക്കൽച്ചെന്ന് മുട്ടിനോക്കി. ആരും വരുന്നില്ല. പതുക്കെ തള്ളിനോക്കി. വാതിൽ സാവധാനം തുറക്കുന്നു. അകത്തു പേടിപ്പിക്കുന്ന നിശ്ശബ്ദത. ഇരുട്ട്.

വാതിൽ മലർക്കെ തുറന്നു. ഇരുളടഞ്ഞ ഒരിടനാഴി. അതിലൂടെ നടന്നു. ഇരുവശത്തും അടഞ്ഞു കിടക്കുന്ന മുറികൾ. ഏതിലാണ് ടോമാസീനയും അപ്പനും അമ്മയും ? മുറികളെല്ലാം പൂട്ടിക്കിടക്കുകയാണ്. എങ്ങും മാറാലയും പൊടിയും. ചുമരുകളിൽ വലിയ എട്ടുകാലികൾ. താഴെ പരക്കംപാഞ്ഞു രക്ഷപ്പെടുന്ന എലികൾ.

ഒരു മുറിയുടെ മൂലയിൽ ഒരു വലിയ കറുത്ത പക്ഷി മിണ്ടാതെ അനങ്ങാതെ ഇരുന്നിരുന്നു. തൻെറ തിളങ്ങുന്ന കണ്ണുകൾ കൊണ്ട് അതു് റോപെർട്ടിനേയും ബൂട്സിനേയും ഉററുനോക്കി.

അരികിലൂടെ ചാടിയോടിക്കടന്നുപോയ ഒരെലിയുടെ പിന്നാലെ ബൂട്സ് കുതിച്ചു. പെട്ടെന്ന് ചെകിടടപ്പിക്കുന്ന ശബ്ദ

ത്ത് ആ പക്ഷിയുടെ കൂവൽ മുഴങ്ങി. ഇടനാഴികളിൽ അതിന്റെ ശബ്ദം വീണ്ടും വീണ്ടും അലയടിച്ചു.

പെട്ടെന്ന് ഒരു വാതിൽ തള്ളിത്തുറക്കുന്ന ശബ്ദവും ഭീകരമായ ഒരലർച്ചയും കേട്ടു. ഒരു ഭയങ്കര സത്വം അവരുടെ മുന്നിലേയ്ക്ക് പാഞ്ഞെത്തി. റൂപെർട്ടിന്റെ ഇരട്ടി വലിപ്പമുള്ള ഒരു രാക്ഷസൻ അകത്തോട്ടു വളഞ്ഞു. കൈ രണ്ടും വിടർത്തിപ്പരത്തി വായ് നിറയെയുള്ള ഭീകരങ്ങളായ പല്ലുകൾ മുഴുവൻ കാണിച്ച്, അവൻ റൂപെർട്ടിന്റെ മുന്നിൽനിന്ന് അലറിച്ചിരിച്ചു.

"ഹോ ഹോ ഹോ ഹോ !" ആരെടാ എന്റെ കൊട്ടാരത്തിൽ അനുവാദം കൂടാതെ കടന്നവൻ ? നിന്നെ ഞാൻ–

അവൻ റൂപെർട്ടിനെ കടന്നുപിടിച്ചു. ഒരു കൊച്ചു കുഞ്ഞിനെയെന്നപോലെ പൊക്കിയെടുത്തു. തന്റെ മുറിയിലേയ്ക്കു കൊണ്ടുപോയി. റൂപെർട്ടിന്റെ കൈയും കാലും എല്ലാംകൂടി ഒരു കൈകൊണ്ട് പിടിച്ച് മററ കൈകൊണ്ട് ഒരു കയറെടുത്ത് അവൻ വരിഞ്ഞുകെട്ടി.

ബൂട്സ് ആകെ പരിഭ്രമിച്ചുപോയിരുന്നു.

റൂപെർട്ടിനെ താഴെ കിടത്തിയശേഷം രാക്ഷസൻ നീണ്ടുനിവർന്നുനിന്നു. എന്നിട്ട് വീണ്ടും പൊട്ടിച്ചിരിച്ചു. അയാളുടെ പൊട്ടിച്ചിരി ഒരുതരം അട്ടഹാസമായിരുന്നു.

"കൊള്ളാം. അടുപ്പത്തു വെച്ചിട്ടുള്ള വെള്ളമൊന്നു തിളച്ചോട്ടെ. ഇന്നത്തെ അത്താഴം സുഖമാവും. ഹൊ ഹൊ ഹൊ ഹൊ..." അവൻ റൂപെർട്ടിനെ നോക്കി കൊതിവെള്ളം ഇറക്കി.

ബൂട്സും റൂപെർട്ടും പരസ്പരം നോക്കി.

ബൂട്ട്സ് ആലോചിച്ചു. എന്താണ് വേണ്ടത് ? മറെറാരു മുറിയിൽ വെള്ളം തിളയ്ക്കാൻ പോകുന്നു തിളച്ചാൽ ഈ രാക്ഷസൻ റൂപെർട്ടിനെ പിടിച്ച് അതിലിടും. പാവം റൂപെർട്ടിൻെറ കഥയോർത്തപ്പോൾ ബൂട്ട്സിനു സങ്കടംവന്നു. ആ രാക്ഷസനെ ആക്കു തടുക്കാനാവും ! റൂപെർട്ടിനെ രാക്ഷസൻ കൊന്നു തിന്നാൽ പിന്നെ രാജകുമാരിയുടെ, രാജാവിൻെറ എല്ലാം കഥ എന്താവും !

മെർളിൻെറ മാന്ത്രിക സ്വർണ്ണക്കല്ലുകൾ റൂപെർട്ടിൻെറ പോക്കററിലാണ് അവയിൽ ഒന്ന് എങ്ങിനെ എടുക്കാം ! റൂപെർട്ടിൻെറ കൈകൾ പിന്നിൽ പിണച്ചു കെട്ടിയിരിക്കയാണ്.

റൂപെർട്ടിനെ തിന്നാൻ എന്തൊരു സ്വാദായിരിക്കും എന്ന് ഓർത്തു രസിച്ചുകൊണ്ടിരിക്കയായിരുന്നു രാക്ഷസൻ. മുറിയുടെ മൂലയിൽ ഒരു പൂച്ച മിഴിയിളക്കാതെ തന്നെ തുറിച്ചു നോക്കിക്കൊണ്ടിരുന്നതു് അവൻ ശ്രദ്ധിച്ചില്ല.

വെള്ളം തിളച്ചുവോ എന്നു നോക്കാനായി രാക്ഷസൻ അടുത്ത മുറിയിലേയ്ക്കു കടന്നു. ബൂട്ട്സ് ഒറെറച്ചാട്ടത്തിനു് റൂപെർട്ടിൻെറ അടുത്തെത്തി. കെട്ടഴിക്കാൻ ശ്രമിച്ചു. സാധിക്കുന്നില്ല. റൂപെർട്ടിൻെറ പോക്കററിൽ നിന്നു് ഒരു സ്വർണ്ണക്കല്ലു് കൈക്കലാക്കി. ബൂട്ട്സ് തൻെറ പഴയ സ്ഥാനത്തേയ്ക്കു തിരിച്ചുപോയി.

രാക്ഷസൻ മടങ്ങിവന്നു.

"വെള്ളം തിളച്ചിട്ടില്ല" അവൻ ഉറക്കെപ്പറഞ്ഞു. "സാരമില്ല. എനിക്കു തിടുക്കമൊന്നുമില്ല. ഇന്നു മൂന്നു ചെറുപ്പക്കാരെ സാപ്പിട്ടതാണു്. അതുകൊണ്ടു വലിയ വിശപ്പൊന്നുമില്ല." തൻെറ വലിയ വയർ തലോടിക്കൊണ്ടു് അവൻ കലുങ്ങിക്കുലുങ്ങി ചിരിച്ചു.

"ട്റാലാലം ട്റാലാലാ
നീയിനിയാരേം തിന്നില്ല
ഇല്ലില്ലാ തിന്നില്ല
നീയിനിയാരേം തിന്നില്ല."

മുറിയുടെ മൂലയിൽ നിന്നായിരുന്നു ആ പാട്ട്. രാക്ഷസൻ തിരിച്ചുനോക്കി.

"പൂച്ചേ, നീയാണോ പാടിയത്?" അത്ഭുതം അടക്കാൻ അവനു കഴിഞ്ഞില്ല.

"അതെ ഞാനാണു പാടിയത്. ഞാനെന്താണു പാടിയതെന്നോ?

ട്റാലാലം ട്റാലാലാ
നീയിനിയാരേം തിന്നില്ല.

"ഫൊ ഫൊ ഫൊ ഫൊഫൊ" രാക്ഷസൻ അലറിച്ചിരിച്ചു. "എടാ മണ്ടൂസൻ പൂച്ചേ, അതു നിന്റെ വിചാരം. ഞാൻ ഇന്നോരസ്സൽ അത്താഴമുണ്ണും. അതു് ഇയിരിക്കുന്ന ചെറുപ്പക്കാരനെയാവും. പക്ഷെ അതിനുമുമ്പ്, എടാ മണ്ടൂസൻ പൂച്ച ഞാൻ നിന്നെ തിന്നാൻ പോകയാണ്."

"സത്യം പറഞ്ഞാൽ നിനക്കു് എന്നെ തിന്നാൻ പററുകയില്ലെടാ തടിമാടാ! എന്തുകൊണ്ടാണെന്നോ? അതിനുമുമ്പു ഞാൻ നിന്നെ തിന്നാൻ പോകയാണ്—" ബൂട്ട്സ് പറഞ്ഞു.

രാക്ഷസൻ കൂടുതൽ ഉറക്കെ അലറി. എങ്ങനെ ചിരിക്കാതിരിക്കും. ഈ ചെറിയ പൂച്ച അവനെ തിന്നുമെന്നു്!

"കൊള്ളാം. കൊള്ളാം. നിനക്കു തമാശ പറയാനറിയാം. എന്തായാലും ഇനി വൈകിക്കുന്നില്ല." രാക്ഷസൻ എഴുന്നേററു കുനി

ഞ്ഞുനിന്നു് കൈയും കാലും പരത്തി പൂച്ചയെ പിടിക്കാനടുത്തു. അവൻ ഉറക്കെ ചിരിക്കുന്നുമുണ്ടായിരുന്നു.

പെട്ടെന്നു് അവന്റെ വലിയ ശരീരം ചെറുതായിത്തുടങ്ങി. രാക്ഷസൻ ആകെ പരിഭ്രമിച്ചു.

ബൂട്സ് മെർളിന്റെ സ്വർണ്ണക്കല്ലു മുകളിലേയ്ക്കെറിഞ്ഞു് പ്രാർത്ഥിച്ചുകഴിഞ്ഞിരുന്നു.

“മെർളിൻ, ഞങ്ങളെ രക്ഷിക്കണേ! ഈ രാക്ഷസനെ ഒരെലിയാക്കി മാററിത്തരണേ!”

നിമിഷത്തിനുള്ളിൽ രാക്ഷസൻ എലിയായിമാറി. പ്രാണഭയത്തോടെ അവൻ ചാടിയോടി. ബൂട്സ് പിന്നാലെ കുതിച്ചു മുറിയിൽനിന്നു കടക്കുംമുമ്പു് അവൻ എലിയുടെ മേൽ ചാടിവീണു. ഒരു കടിയും രണ്ടു കുടച്ചിലും. എലിയുടെ കഥ കഴിഞ്ഞു.

ബൂട്സ് അടുക്കളയിലേക്കോടി. അവിടെനിന്നു് വലിയൊരു കത്തി കൊണ്ടുവന്നു. റൂപെർട്ടിനെ കെട്ടിയിരിക്കുന്ന കയറിന്റെ ചുററുകൾ അറുത്തു. റൂപെർട്ട് എഴുന്നേററു. കൈകാലുകൾ കുടഞ്ഞു് നിവർന്നു. മുറുക്കിക്കെട്ടിയിടത്തെല്ലാം വേദനയുണ്ടായിരുന്നു. അവൻ ബൂട്സിനെ വാരിയെടുത്തു മാറോടണച്ചു.

ബൂട്സ് ഇറങ്ങിയോടി. കടിച്ചുകൊന്നിട്ടിരുന്ന എലിയെ ---പഴയ രാക്ഷസനെ അവൻ സുഖമായി തിന്നു.

പിന്നീട് രണ്ടുപേരുംകൂടി അടുക്കളയിലേയ്ക്കു കടന്നു. വലിയൊരു പാത്രത്തിൽ വെള്ളം തിളച്ചു മറിയുന്നുണ്ടായിരുന്നു. റൂപെർട്ടിനു് ശരീരമാകെ വിറച്ചുപോയി. അതു കണ്ടപ്പോൾ! ബൂട്സ് ബുദ്ധി പ്രയോഗിച്ചില്ലായിരുന്നെങ്കിൽ തന്റെ സ്ഥിതി എന്തായേനേ! അവനു് ഓക്കാൻപോലും ഭയമായി.

പരിശോധിച്ചപ്പോൾ കണ്ട കാഴ്ച അവക്കു സന്തോഷവും സമാധാനവും നൽകി. അടുക്കളെ നിറയെ തിന്നാനും കുടിക്കാനുമുള്ള സാധനങ്ങൾ. ചോറും കറികളും, കോഴിയിറച്ചിയും, പാലും പഴങ്ങളും, റൊട്ടിയും വെണ്ണയും — എന്തെല്ലാം വേണം? അതെല്ലാമുണ്ട്.

വയററിൽ കൊള്ളാവുന്നിടത്തോളം അവർ അടിച്ചുവിട്ടു ബാക്കിയെല്ലാം അടച്ചു ഭദ്രമാക്കി വച്ചു.

## ഒമ്പതു്

ഭക്ഷണം കഴിഞ്ഞപ്പോൾ അല്പം സമാധാനം തോന്നി. പകൽ മുഴുവൻ നടക്കുകയായിരുന്നല്ലോ. റൂപെർട്ടും ബൂട്സും ആലോചന തുടങ്ങി. ഇനിയെന്തുവേണം? ഇതുതന്നെയാണോ വൃദ്ധ പറഞ്ഞ കൊട്ടാരം? ഇവിടെയാണോ ടോമാസിനായും അച്ഛനമ്മമാരും തടവിൽക്കിടക്കുന്നതു്? അങ്ങനെയാണെങ്കിൽ ഈ രാക്ഷസൻ അവരെ തിന്നാതെ വിടുമോ? അതോർത്തപ്പോൾ തന്നെ റൂപെർട്ടിനു് മനസ്സും ശരീരവും തളർന്നു. എന്തായാലും രാക്ഷസൻ ബൂട്സിന്റെ വയററിലായല്ലോ. നാളെ പുലരട്ടെ. എന്നിട്ടാവാം അന്വേഷണം എന്നുറപ്പിച്ചു് റൂപെർട്ട് ഉറങ്ങാൻ കിടന്നു. കിടക്കേണ്ട താമസം, ഉറങ്ങിപ്പോയി. പക്ഷേ ബൂട്സ് ഉറങ്ങിയില്ല. ബോധമററു് ഉറങ്ങിക്കിടക്കുന്ന റൂപെർട്ടിനു് ബൂട്സ് കാവൽനിന്നു. രാക്ഷസന്റെ കൂട്ടുകാരുണ്ടോ എന്നറിഞ്ഞുകൂടല്ലോ. എലികളെ തിന്നു തിന്നു് ബൂട്സിനു മടുത്തു. അത്രയ്ക്കു് എലികളുണ്ടായിരുന്നു അവിടെ.

വെളുപ്പിനേ ഉണർന്നു് രണ്ടുപേരുംകൂടി അന്വേഷണം തുടങ്ങി. കൊട്ടാരത്തിലെ ഇടനാഴികൾ, മുറികൾ, നിലവറകൾ, തട്ടിൻപുറങ്ങൾ എല്ലാം അവർ കയറിയിറങ്ങി. എല്ലാം ശൂന്യം. ആരെങ്കിലും എവിടെയെങ്കിലും താമസിച്ചിരുന്നതിന്റെ ലക്ഷണംപോലുമില്ല. ഇതാവില്ല വൃദ്ധ പറഞ്ഞ കൊട്ടാരം എന്നു് ഉറപ്പായി.

അതുകൊണ്ടു് ഉടനേ പുറപ്പെടണം എന്നു് അഭിപ്രായപ്പെട്ടു റൂപെർട്ടു്. പക്ഷേ ബൂട്സ് യോജിച്ചില്ല. അവന്റെ മനസ്സിൽ മറെറാരു പ്ലാനായിരുന്നു. രാക്ഷസന്റേതാണീ കൊട്ടാരം. അവൻ ചത്തുപോയല്ലോ. അതുകൊണ്ടു് ഈ കൊട്ടാരം സ്വന്ത

മാക്കുക. കുറെ പണം കൈവശമാക്കുക. റൂപെർട്ട് ഒരു പ്രഭുവായി മാറുക. അങ്ങനെയായാൽ മാക്സിം രാജാവിനെ നമുക്ക് ശരിക്കമൊന്നു ഭയപ്പെടുത്താം. നിസ്സഹായനായ മന്ത്രികുമാരനായിട്ടല്ല കരുത്തനായ ഒരു പ്രഭുവായിട്ടാണ് അങ്ങു ചെല്ലുന്നതെങ്കിൽ ടോമാസിനയെ നിഷ്പ്രയാസം വീണ്ടെടുക്കാം.

റൂപെർട്ട് ഇതുകേട്ട് താടിക്കു കൈയും കൊടുത്തു താഴോട്ടു നോക്കിയിരുന്നു.

പണവും പ്രതാപവും എവിടുന്നു കിട്ടാനാണ്? ഒരു ചെമ്പുകാശുപോലും എടുക്കാനില്ലാത്തവർ പ്രഭുവായിത്തീരുന്നതെങ്ങനെ? ഉടുത്ത വസ്ത്രങ്ങളല്ലാതെ മാറാനുള്ളതുപോലുമില്ല. ചോരയും ചെളിയും പൊടിയും നിറഞ്ഞു വൃത്തികെട്ട കുപ്പായം നോക്കിയപ്പോൾ റൂപെർട്ടിനു സങ്കടംവന്നു.

പക്ഷേ ബൂട്സ് വിട്ടില്ല. "അതൊന്നും സാരമില്ല. എല്ലാം ഞാൻ ശരിയാക്കാം. അങ്ങ് ഇനിമേൽ വെറും റൂപെർട്ടല്ല കാറബ്ബാസ് പ്രഭുവാണ്"—

റൂപെർട്ടിനു ചിരിവന്നു. കാറബ്ബാസ് പ്രഭുവോ?

"ചിരിക്കാനെന്തിരിക്കുന്നു! കാറബ്ബാസ് പ്രഭുതന്നെ. പേരു കേട്ടാൽ മാക്സിം രാജാവു ഞെട്ടും."

"എന്തുകാര്യം? എനിക്കു പണമുണ്ടോ? പ്രതാപമുണ്ടോ? ഒരു ജോടി നല്ല വസ്ത്രങ്ങളുണ്ടോ? വേലക്കാരുണ്ടോ? ഇന്നത്തെ ഭക്ഷണം കഴിക്കാൻപോലും എന്തെങ്കിലും സ്വന്തമായുണ്ടോ? പ്രഭു! കാറബ്ബാസ് പ്രഭുവല്ല, പീറബ്ബാസ് പ്രഭു!

"ഭേ, എനിക്കു ദേഷ്യംവരും." ബൂട്സിന്റെ ക്ഷമ കെട്ടിരുന്നു. "അങ്ങേക്കിപ്പോൾ പണമില്ല. പക്ഷേ ഉണ്ടാകാൻ പോകുന്നു. പട്ടുവസ്ത്രങ്ങളില്ല. പക്ഷേ ഉണ്ടാകാൻ പോകുന്നു. ഒരു കൊ

ട്ടാരം സ്വന്തമായുണ്ടായിക്കഴിഞ്ഞില്ലേ ? ഭക്ഷണം, വേലക്കാർ, എല്ലാം ഉണ്ടാകാൻ പോകുന്നു. ഞാനൊന്നിറങ്ങി കറങ്ങിയിട്ടു വരാം. ചുററുപാടുമുള്ള ആളുകളെയൊക്കെ ഒന്നു നോക്കിയിട്ടു വരട്ടെ. അപ്പോഴേക്കും അങ്ങൊരു കാര്യം ചെയ്യണം. ഇവിടെയെല്ലാമൊന്നു വൃത്തിയാക്കണം.

ബൂട്സ് ഒരു ചൂലും കുറെ പഴന്തുണിയും തേടിപ്പിടിച്ചു് റൂപെർട്ടിനു കൊടുത്തു. "ഇവിടമെല്ലാം ഇങ്ങനെ വൃത്തികെട്ടു കിടക്കരുതു്. കാറബ്ബാസ് പ്രഭുവിന്റെ കൊട്ടാരമല്ലേ ! ആരെങ്കിലും കാണാൻ വന്നാലോ ?" ഇതും പറഞ്ഞു് ബൂട്സ് ഇറങ്ങിപ്പോയി.

ചൂലും തുണിയും കൈയിൽവച്ചു് റൂപെർട്ടു് അങ്ങനെ നിന്നു കുറച്ചുനേരം. മനസ്സില്ലാമനസ്സോടെ നീളമുള്ള ചൂൽ ഉയർത്തി തട്ടിലും ചുമരിലുമുള്ള മാറാല നീക്കംചെയ്യാൻ തുടങ്ങി. കണ്ണിൽ കരടു കൊഴിഞ്ഞുവീണു ആദ്യംതന്നെ. കണ്ണു തിരുമ്മി തിരുമ്മി ചുവന്നു് വെള്ളമൊഴുകി. പൊടി തട്ടാൻ തുടങ്ങിയപ്പോഴേക്കും പടക്കം പൊട്ടിക്കുംപോലെ അവൻ തുമ്മാനാരംഭിച്ചു. കുറച്ചുനേരത്തിനുള്ളിൽ അവൻ അവശനായി ഒരിടത്തിരുന്നു.

എന്തുചെയ്യാം ? ബൂട്സ് മടങ്ങിവരുമ്പോഴേക്കും ഏതെങ്കിലുമൊരുഭാഗം വൃത്തിയാക്കണം. അതിനു കഴിഞ്ഞില്ലെങ്കിൽ ബൂട്സ് ദേഷ്യപ്പെടും.

പെട്ടെന്നു് അവന്റെ ബുദ്ധിയിലൊരു പ്ലാൻ തെളിഞ്ഞു. ഇനി രണ്ടു സ്വർണ്ണക്കല്ലുകളില്ലേ കൈയിൽ, മെർലിൻ കൊടുത്ത മാന്ത്രികക്കല്ലുകൾ?

ഒരു കല്ലു കൈയിലെടുത്തു. മെർലിനെ ധ്യാനിച്ചു. "ഈ കൊട്ടാരത്തിലെ പലതരം വേലകൾ ചെയ്യുവാൻ എനിക്ക് ആറു വേലക്കാർ വേണം."

വിചാരിച്ചു മുഴുവനായില്ല. ഒരു കൊടുങ്കാററു വീശിയ ശബ്ദം പെട്ടെന്നു മുറിയിലൂടെ കടന്നുപോയി. ഒരുഭാഗത്തു് പുകയും പൊടിയും വെളിച്ചവുംകൂടി കലർന്നു നൃത്തം ചെയ്യുന്നതായി തോന്നി. അതു മറഞ്ഞപ്പോൾ ആറു വേലക്കാർ വണങ്ങിക്കൊണ്ടു നില്ക്കുന്നു. നിറയെ സ്വർണ്ണക്കസവും ചിത്രവേലകളുമുള്ള വെള്ളത്ത കുപ്പായവും കാലുറയും ധരിച്ചു് വിചിത്രമായ തൊപ്പിവച്ച ആറു വേലക്കാർ

രണ്ടുപേർ നിശ്ശബ്ദമായി ധൃതിപിടിച്ചു് കൊട്ടാരം വൃത്തിയാക്കാനാരംഭിച്ചു. രണ്ടുപേർ നേരെ അടുക്കളപ്പുരയിലേയ്ക്കു കടന്നു. രണ്ടുപേർ തോട്ടപ്പണിക്കിറങ്ങി.

റൂപെർട്ടിനു സമാധാനമായി. ഒരു ദീർഘനിശ്വാസം വിട്ടുകൊണ്ടു് അവൻ വലിയൊരു കസേരയിൽ കയറിയിരിപ്പായി.

“ഹായ്! ബൂട്സ് മടങ്ങിവരുമ്പോൾ അവനെന്തു സന്തോഷമാവും.” റൂപെർട്ടു വിചാരിച്ചു.

---

MUNAVVIRUL ISLAM HIGH SCHOOL
Date..................
ERNAKULAM.

## പത്തു്

ബൂട്സ് മടങ്ങിവന്നപ്പോൾ കൊട്ടാരത്തിൽ വേലക്കാരുടെ ബഹളം കണ്ടു് അമ്പരന്നുപോയി. ഉണ്ടായതു് റൂപെർട്ടു് ഉത്സാഹപൂർവ്വം പറഞ്ഞു കഴിഞ്ഞപ്പോൾ ബൂട്സ് മൂക്കത്തു വിരൽ വച്ചുനിന്നു. തന്റെ യജമാനന്റെ ബുദ്ധിശൂന്യതയോർത്തു ദുഃഖിച്ചു. കഷ്ടം. ഒരു മാന്ത്രികക്കല്ലു് വെറുതെ കളഞ്ഞില്ലേ! എന്തെല്ലാം ആപത്തുകൾ നേരിടേണ്ടിവരും ഇനിയും? അന്വേഷണം ആരംഭിച്ചിട്ടേയുള്ളു. കേവലം ആറു വേലക്കാരെ കിട്ടാൻവേണ്ടി ഒരു മാന്ത്രികക്കല്ലു നഷ്ടപ്പെടുത്തുക! ഗ്രാമത്തിൽനിന്നു് എത്ര വേലക്കാരെ വേണമെങ്കിലും കൊണ്ടുവരാമായിരുന്നു. വെറും മടികൊണ്ടല്ലേ ഒരു ദിവ്യായുധം വെറുതെ കളഞ്ഞതു്? ഭീകരമായ ഏതെങ്കിലും ഒരു അപകടത്തിൽനിന്നു് രക്ഷപ്പെടാനുള്ള ഉപായമല്ലേ നഷ്ടപ്പെട്ടതു്!

റൂപെർട്ടു് ലജ്ജിച്ചു തലതാഴ്ത്തി. അവൻ മാപ്പുചോദിച്ചു ഇനി താൻ ഇത്തരം വിഡ്ഢിത്തമൊന്നും കാണിക്കില്ലെന്നു് ഉറപ്പുകൊടുത്തു. എന്നിട്ടും ബൂട്സിന്റെ വിഷാദം തീർന്നില്ല. ഇനി, ഒരേയൊരു കല്ലേയുള്ളു. അതും കഴിഞ്ഞാൽ പിന്നെ എന്തു ചെയ്യാനാണു്? ഇനിയും എന്തെല്ലാം നേടാനിരിക്കുന്നു?

പണം, നല്ല വസ്ത്രങ്ങൾ, വാഹനം, എല്ലാം വേണ്ടേ? എന്താണു് വഴി? അവർ തലപുകഞ്ഞാലോചിച്ചു. ഒരു വഴിയും കാണുന്നില്ല റൂപെർട്ടു് ശങ്കിച്ചു ശങ്കിച്ചു ചോദിച്ചു.

"മെർമിടനോട് തന്നെ അപേക്ഷിച്ചാലോ?"

"അതെ! ഇനിയുള്ള കല്ലുകൂടി നഷ്ടപ്പെടുത്താൻ ധൃതിയായിരുന്നല്ലേ?" ബൂട്സിനു ശുണ്ഠിവന്നു.

മന്ത്രികുമാരൻ ഒരിളിഞ്ഞ ചിരിയോടെ മിണ്ടാതിരുന്നു.

"ഞാനൊരു വഴികണ്ടിട്ടുണ്ട്" ബൂട്സ് പറഞ്ഞു. "ഗ്രാമീണരോട് സംസാരിച്ചപ്പോൾ ഒരു കാര്യം അറിയാൻ കഴിഞ്ഞു. നാളെ മാക്കിം രാജാവ് ഈ വഴിക്ക് വരുന്നുണ്ട്. അയാളെ നമുക്കൊന്നു കാണണം."

"ഞാനോ? ഈ വേഷത്തിലോ?" റൂപെർട്ട് ചോദിച്ചു.

"ഞാൻ പറയുന്നതു കേൾക്കൂ" ബൂട്സ് പറഞ്ഞു." ഒരു നാഴികയോളം ഒരു നദീതീരത്തുകൂടിയാണ് വഴിപോകുന്നത്. രാജാവ് പത്തു മണിക്കാണ് അതിലെ പോകുക. ഒമ്പതര മണി കഴിഞ്ഞാൽ അങ്ങ് ചെന്ന് പുഴയിലിറങ്ങി നീന്തിക്കൊണ്ടിരിക്കണം. വസ്ത്രങ്ങളെല്ലാം അഴിച്ച് കരയിൽ വയ്ക്കുക, അതെല്ലാം ഞാൻ വാരിക്കൊണ്ട് പോകും—"

"അപ്പോൾ ഞാനോ? നീ എന്തെല്ലാം ഭ്രാന്താണിപ്പറയുന്നത്? " മന്ത്രികുമാരൻ അമ്പരപ്പോടെ ചോദിച്ചു.

"പേടിക്കാതിരിക്കൂ. അങ്ങ് വെള്ളത്തിൽ തലമാത്രം വെളിയിൽ കാണിച്ചു കിടന്നാൽമതി. ഇതു വലിയൊരു പ്ലാനാണ്"

"എത്ര വലിയ പ്ലാനായാലും വഴിവക്കത്തെ പുഴയിൽ വസ്ത്രങ്ങളൊന്നും ധരിക്കാതെ ... എന്നെക്കൊണ്ടു വയ്യ!"

"അങ്ങേയ്ക്ക് പ്രഭുവാകേണ്ടേ? ദോറാസിനെ കണ്ടുപിടിക്കേണ്ടേ? രക്ഷിക്കേണ്ടേ?"

"വേണം അയ്യോ, വേണം"

"എങ്കിൽ ഞാൻ പറഞ്ഞതനുസരിച്ചോളൂ"

"പക്ഷേ ഇങ്ങനെ ചെയ്താൽ എന്താണു ഗുണം?

"അങ്ങു സമാധാനമായിരിക്കൂ–" ബൂട്സ് പറഞ്ഞു". എല്ലാം ഞാൻ ശരിയാക്കിത്തരാം."

പിറേറന്നു കാലത്തെ എഴുന്നേററു് രണ്ടുപേരും നടന്നു നദീതീരത്തെത്തി വസ്ത്രങ്ങളൊക്കെ ഊരിവച്ചു് നദിയിൽ ചാടുവാൻ റൂപെർട്ടിനു തീരെ മനസ്സുണ്ടായിരുന്നില്ല. എങ്കിലും ബൂട്സിന്റെ നിർബന്ധം സഹിക്കാൻ വയ്യായിരുന്നു. തണുത്തവെള്ളം ശരീരത്തെ സ്പർശിച്ചപ്പോൾ ഉടലാകെ കിടുകിടുത്തു. എങ്കിലും സഹിച്ചു. ബൂട്സ് റൂപെർട്ടിന്റെ വസ്ത്രങ്ങളെല്ലാം വാരിയെടുത്തു് ദൂരെയൊരിടത്തു് ഒളിച്ചു വച്ചശേഷം നദിയുടെ അരികിലൂടെ കടന്നുപോകുന്ന റോഡിലേക്കിറങ്ങി

റൂപെർട്ട് തലമാത്രം വെളിക്കു കാണിച്ചു് നീന്തിക്കൊണ്ടിരുന്നു. നീന്തലിൽ പഠിച്ചിട്ടുള്ള വിദ്യകളൊക്കെ ഓരോന്നായി പ്രയോഗിച്ചുകൊണ്ടു് നേരം കളഞ്ഞു.

കുതിരകളുടെ കുളമ്പടിയൊച്ച ദൂരെ കേട്ടുതുടങ്ങി പിന്നിൽ ചുവന്ന പൊടിപടലമുയർത്തിക്കൊണ്ടു് രാജാവിന്റെ രഥം ദൂരെ പ്രത്യക്ഷപ്പെട്ടു. ഇരുവശത്തും വലിയവൃക്ഷങ്ങൾ അണിനിരന്ന വഴിയിലൂടെ ആറുകുതിരകളെ പൂട്ടിയരഥം ഓടിയടുത്തു.

തേരു് അടുത്തെത്തിയപ്പോൾ ബൂട്സ് അതിന്റെ ഒപ്പം ഓടിക്കൊണ്ടു് വിളിച്ചു പറഞ്ഞു.

"രക്ഷിക്കണേ, രക്ഷിക്കണേ !"

രഥത്തിന്റെ വേഗം കുറഞ്ഞു. ഒരു ജനലിലൂടെ രാജാവിന്റെ കിരീടമണിഞ്ഞ ശിരസ്സ് പ്രത്യക്ഷപ്പെട്ടു.

രാജാവു് അമ്പരന്നു പോയി. ഒരു പൂച്ചയാണു് വിളിച്ചു നിലവിളിക്കുന്നതു് ! കോട്ടും ബൂട്സുമിട്ട ഒരു പൂച്ച. മനുഷ്യരെപ്പോലെ നടക്കുന്നു! മനുഷ്യരെപ്പോലെ സംസാരിക്കുന്നു.

ഛഥം നിൽക്കാൻ രാജാവു കല്പിച്ചു.

"എന്തുവേണം?" രാജാവു ചോദിച്ചു.

"എന്റെ യജമാനൻ നദിയിൽ കുളിക്കുകയാണ്. അദ്ദേഹത്തിന്റെ വസ്ത്രങ്ങൾ ഏതോ കള്ളന്മാർ മോഷ്ടിച്ചുകൊണ്ടു പോയി.

കഷ്ടത്തിലായിരിക്കയാണ് അദ്ദേഹം.

"ആരാണ് നിന്റെ യജമാനൻ?" രാജാവു ചോദിച്ചു

"കാറബ്ബാസ് പ്രഭു" ബൂട്ട്സു പറഞ്ഞു.

"കാറബ്ബാസ് പ്രഭുവോ?"

"എന്താ കേട്ടിട്ടില്ലേ? പ്രതാപിയും പരാക്രമശാലിയുമായ കാറബ്ബാസ് പ്രഭുവിനെപ്പറ്റി അങ്ങിതുവരെ കേട്ടിട്ടില്ലെന്നോ?" പൂച്ചയുടെ പുച്ഛം നിറഞ്ഞ ചോദ്യം കേട്ടപ്പോൾ രാജാവു നാണിച്ചുപോയി. അതുകൊണ്ട് കൂടുതലൊന്നും ചോദിച്ചില്ല. മഹാനായ ഒരു പ്രഭുവിനെ താൻ അറിയില്ലെന്നു വരുന്നതു മോശമല്ലേ?

പക്ഷേ രാജാവ് പിന്നെ ഒന്നും ആലോചിച്ചു നേരം കളഞ്ഞില്ല. വിലകൂടിയ ഒരു പുതുപ്പെട്ടി അകമ്പടിക്കാരന്റെ കൈയിൽ കൊടുത്തു. അതു പ്രഭുവിനു കൊണ്ടു കൊടുക്കാൻ പറഞ്ഞു

കുറച്ചുകഴിഞ്ഞപ്പോൾ പുതപ്പുകൊണ്ടു ശരീരമാകെ മൂടിപ്പുതച്ചുകൊണ്ട് റപെർട്ട് വന്നുചേർന്നു. രാജാവ് പ്രഭുവിനെ വിളിച്ച് തന്റെ അരികിലിരുത്തി. കുശലങ്ങൾ ചോദിച്ചു. വസ്ത്രം മോഷ്ടിച്ചവരെ കണ്ടുപിടിച്ചു ശിക്ഷിച്ചുകൊള്ളാമെന്നു് വാക്കു നൽകി.

"എന്തായാലും എന്റെകൂടെ വരൂ നമ്മൾക്ക്. ശരിക്കൊന്നു പരിചയപ്പെടണ്ടേ? നല്ല വസ്ത്രങ്ങൾ അവിടെ വന്നു തിരഞ്ഞെ

ട്ടുക്കാം. ഭക്ഷണമൊക്കെക്കഴിച്ച് വിശ്രമിച്ചിട്ടു പോയാൽ മതി. രഥത്തിൽത്തന്നെ അങ്ങയുടെ കൊട്ടാരത്തിൽ കൊണ്ടുവിടാം.” റൂപെർട്ട്-ഓം തെററി-കാറബ്ബാസ് പ്രഭു സമ്മതിച്ചു. മനസ്സില്ലാമനസ്സോടെ സമ്മതിക്കുകയാണെന്നമട്ടിൽ.

രഥം കുതിച്ചുപാഞ്ഞു. തേരാളിയുടെ അരികിൽത്തന്നെ വലിയ ഗമയിലങ്ങനെയിരുന്നു ബൂട്സ്.

കൊട്ടാരത്തിന്റെ കവാടം തുറന്ന് രഥം അകത്തേക്ക് നീങ്ങുമ്പോൾ റൂപെർട്ടിന്റെ കണ്ണുകൾ അവിടെയെങ്ങും ഉഴറി നടക്കുകയായിരുന്നു. ഇവിടെയെങ്ങാനുമാണോ ടോമാസിന തടവിൽക്കിടക്കുന്നത് ?

റൂപെർട്ട് നല്ല വസ്ത്രങ്ങൾ ധരിച്ചു. രാജാവിന്റെ കൂടെയിരുന്നു ഭക്ഷണം കഴിച്ചു. കൊട്ടാരത്തിലുണ്ടായിരുന്ന മററു പ്രഭുക്കൾക്ക് രാജാവ് കാറബ്ബാസ് പ്രഭുവിനെ പരിചയപ്പെടുത്തി.

പ്രഭുവിന്റെ അകമ്പടിക്കാരനെക്കണ്ടപ്പോൾ തന്നെ എല്ലാവരും തീർച്ചയാക്കി ഇയാൾ സാമാന്യക്കാരനായ ഒരു പ്രഭുവല്ലെന്ന് !

ഒടുവിൽ രാജാവിന്റെ രഥത്തിൽ റൂപെർട്ട് സ്വന്തം കൊട്ടാരത്തിലേയ്ക്കു പുറപ്പെട്ടു. അതിനുമുമ്പ് രാജാവിനെ അങ്ങോട്ടു ക്ഷണിക്കുകയും ചെയ്തിരുന്നു.

# പതിനൊന്നു്

അടുത്തൊരുദിവസം മാക്സിം രാജാവു് റൂപെർട്ടിനെ കാണാൻ വന്നു. കാറമ്പാസ്സ് പ്രഭുവിൻെറ കൊട്ടാരവും അതിനകത്തെ ഏർപ്പാടുകളും കണ്ടപ്പോൾ രാജാവു് അമ്പരന്നുപോയി.

അങ്ങനെ രാജാവും റൂപെർട്ടും വലിയ ചങ്ങാതിമാരായി. സംഭാഷണങ്ങളിൽനിന്നു ടോമാസീനയുടെ വല്ല വിവരവും ലഭിക്കാൻ റൂപെർട്ടു ശ്രമിച്ചു. പക്ഷേ അതിൽ പ്രത്യേകിച്ചു വല്ല താൽപര്യവുമുണ്ടെന്നു രാജാവിനു തോന്നാനും പാടില്ലല്ലോ. ഏതായാലും ഒന്നും അറിയാൻ കഴിഞ്ഞില്ല. തിരക്കു കൂട്ടേണ്ടതില്ലെന്നു ബൂട്ട്സ് ഉപദേശിച്ചു.

ഒരുദിവസം രാജാവു പറഞ്ഞു:

"ഇനി നാം തമ്മിൽ കുറച്ചുനാളേക്കു കണ്ടെന്നു വരില്ല. ഞാനൊരു സർക്കീട്ടു പോകയാണു്. രാജവംശക്കാരായ ചില തടവുകാരെ കണ്ടിട്ടുവരണം."

ഇതുകേട്ടപ്പോൾ റൂപെർട്ടിനു് ഉൽകണ്ഠ താങ്ങാൻ വയ്യാതായി. രാജവംശക്കാരായ തടവുകാർ!

"എവിടംവരെയാണു യാത്ര?" പ്രത്യേകിച്ചു താൽപര്യമൊന്നുമില്ലാത്ത മട്ടിലാണു് റൂപെർട്ടു ചോദിച്ചതു്.

രാജാവു് ഒന്നും മിണ്ടിയില്ല. വെറുതെ പടിഞ്ഞാറെ ഭാഗത്തേക്കു് കൈ നീട്ടിക്കാണിച്ചു.

പടിഞ്ഞാറു്! റൂപെർട്ടു് ഓർമ്മിച്ചു.

"പടിഞ്ഞാട്ടു നടക്കുക. സൂര്യാസ്തമയത്തിൻെറ നേരെ നടക്കുക" വൃദ്ധ പറഞ്ഞ വാക്കുകൾ!

രാജാവിനെ മുറിയിൽത്തന്നെയിരുത്തി എന്തോ സൂത്രം പറ

ത്തു് റൂപെർട്ട് ബൂട്സിൻെറയടുത്തേക്കോടി. വിവരം പറഞ്ഞു:

"രാജാവു് ഇന്നൊരു സർക്കീട്ടുപോകുന്നു. ക്ലോവിസ്സ് രാജാവിനേയും രാജ്ഞിയേയും ടോമാസിനേയും തടവിലിട്ടിരിക്കുന്നിടത്തേക്കാണോ എന്നു് എനിക്കൊരു സംശയം. നമ്മൾക്കു് അതു കണ്ടുപിടിക്കണം. എന്തു ചെയ്യണം ?"

"നമ്മൾക്കു രാജാവിൻെറ കൂടെ പോകണം." ബൂട്സ് പറഞ്ഞു.

"അതിനു രാജാവു് നമ്മളെ കൊണ്ടുപോയിട്ടു വേണ്ടേ ?"

"രാജാവു് നമ്മളെക്കണ്ടിട്ടുവേണ്ടേ ?" ബൂട്സ് പരിഹസിച്ചുകൊണ്ടു് ചോദിച്ചു.

അവൻ പറഞ്ഞു:

"നമ്മൾക്കൊരു കാര്യം ചെയ്യണം. രാജാവിൻെറ രഥത്തിൻെറ പിൻവശത്തു് അടിയിലായി നമ്മൾക്കു് പററിപ്പിടിച്ചു് ഒളിച്ചിരിക്കണം. വേഗം പുറപ്പെട്ടോളൂ."

റൂപെർട്ട് രാജാവിൻെറയടുത്തേയ്ക്കു മടങ്ങിച്ചെന്നു.

മാക്ലിം രാജാവു് യാത്രപറഞ്ഞിറങ്ങി. കൊട്ടാരത്തിൻെറ പടിക്കൽ രഥം നിൽക്കുന്നു. രാജാവു് അതിൽക്കയറിയിരുന്നു. ചുററും തിരശ്ശീലകൾ വീണു. രഥം പുറപ്പെടുന്നതിനു തൊട്ടു മുമ്പുള്ള നിമിഷത്തിൽ റൂപെർട്ട് രഥത്തിൻെറ പിന്നിൽ അടിവശത്തു കയറി പററിപ്പിടിച്ചിരിപ്പായി. ബൂട്സ് കാലേതന്നെ അവിടെ കയറി ഇരിപ്പുണ്ടായിരുന്നു.

രഥം കുലുങ്ങി ഓടാൻ തുടങ്ങി.

റൂപെർട്ടിൻെറ ഇരിപ്പു് അത്ര രക്ഷയുള്ളതായിരുന്നില്ല. രഥത്തിൻെറ അടിവശത്തു് വഴിനിരപ്പിൽ നിന്നു അല്പം മാത്രം ഉയർന്നു നിൽക്കുന്ന രണ്ടു് അഴികളിൽ കൈയും കാലും ഉറപ്പിച്ചാണു് അവൻ സ്ഥാനം പിടിച്ചിരുന്നതു്. പൊടിപടലം

കണ്ണിലും മൂക്കിലും കയറുന്നു. അവനു തുമ്മൽ വരുന്നു. തുമ്മി യാൽ എല്ലാം തകരും. പിടിവിട്ടാൽ താഴെകിടക്കും. വഴിയിലെ കണ്ടിലും കുഴിയിലുംപെട്ട് രഥം വെട്ടിച്ചാടുമ്പോൾ പിടിവിടാ തെയിരിക്കാൻ വല്ലാതെ പാടുപെടേണ്ടിവന്നു.

ഒരുപാടു ദൂരം സഞ്ചരിച്ചു. നദീതീരങ്ങളിലൂടെ, വയലരി കിലൂടെ, കുന്നിൻ ചെരിവുകളിലൂടെ രഥം കുതിച്ചുപാഞ്ഞു. ഗോ തമ്പു വയലുകൾ കടന്നുപോയി. പോപ്പികൾ പൂത്തു നിൽക്കുന്ന പച്ചപ്പുൽമൈതാനങ്ങൾ കടന്നുപോയി. പക്ഷേ റൂപെർട്ട് ഒന്നും കണ്ടില്ല.

ഒടുവിൽ രഥം നിന്നു. രാജാവ് ഇറങ്ങി. റൂപെർട്ടും ബൂട്സും പതുക്കെ തലനീട്ടിനോക്കി. പടുകൂറ്റനായ ഒരു ഇരു മ്പു ഗെയ്റ്റിനടുത്താണ് രഥം വന്നുനിൽക്കുന്നത്. ഗെയ്റ്റി നിടയിലൂടെ ദൂരെ മരക്കൂട്ടങ്ങൾക്കപ്പുറത്ത് അത്യുന്നതമായ ഒരു കൊട്ടാരത്തിന്റെ ഗോപുരങ്ങൾ ഉയർന്നു കാണാം. അവയ്ക്കപ്പുറത്ത് നേരെ പിന്നിലായി സൂര്യൻ അസ്തമിക്കുന്നു.

''ഇതുതന്നെ വൃദ്ധ പറഞ്ഞ കൊട്ടാരം.'' ബൂട്സ് പിറു പിറുത്തു.

രാജാവ് ഗെയ്റ്റിനടുത്തുചെന്ന് ഒരു മണിയടിച്ചു. ഇരു മ്പുപടി മെല്ലെ തുറക്കുന്നതു കണ്ടു. രാജാവ് തേരിൽക്കയറി യാത്ര തുടരുമെന്നും അങ്ങനെ കൊട്ടാരത്തിനകത്ത് അവർക്കും കടന്നു കൂടാമെന്നുമായിരുന്നു ബൂട്സിന്റെ പരിപാടി. പക്ഷേ ഉണ്ടാ യതു് മറ്റൊരു വിധത്തിലാണ്.

രഥം പുറത്തുനിർത്തി രാജാവും തേരാളിയും അകത്തേയ്ക്കു നടന്നുപോയി. അവർ കടന്ന ഉടനെ ഗെയ്റ്റ് അടഞ്ഞു.

## പന്ത്രണ്ട്

ഇരുണ്ട കൊട്ടാരക്കെട്ടുകൾക്കു പിന്നിൽ സൂര്യൻ അസ്തമിച്ചു. എങ്ങും ഇരുട്ടായി. പരിചയമില്ലാത്ത സ്ഥലം. ചുററിലും ശത്രുക്കളുണ്ടാകാം. റൂപെർട്ടും ബൂട്സും ഗെയ്ററിനടുത്തേയ്ക്കു നീങ്ങി. ഒന്നു പരീക്ഷിച്ചു നോക്കുകതന്നെ.

രാജാവു ചെയ്തതുപോലെ റൂപെർട്ട് ചരടുപിടിച്ചു വലിച്ചു. ഉള്ളിൽ മണി മുഴങ്ങി. പെട്ടെന്ന് ഞെട്ടിപ്പോയി. അത്യുഗ്രമായ ഒരു കുര. കണ്ടാൽത്തന്നെ പേടിയാവുന്ന ഒരു നായ് കുരച്ചുകൊണ്ടെത്തി. ഗെയ്ററിന്റെ അഴികൾക്കിടയിലൂടെ തലയിട്ട് അവൻ ഉറക്കെയുറക്കെ കുരച്ചു.

ബൂട്സ് പേടിച്ചുരണ്ടു നായ്ക്കളെന്നു വച്ചാൽ അവനു വല്ലാത്ത പേടിയാണ്.

റൂപെർട്ടും ബൂട്സും തലപുകഞ്ഞാലോചിച്ചു. അകത്തു കടക്കാനെന്താണൊരു വഴി? മതിൽക്കെട്ട് വളരെ വലുതാണ്. അതു കയറിക്കടക്കുക സാദ്ധ്യമല്ല. ഗെയ്ററ് കയറിക്കടക്കാമായിരുന്നു. നായ് കടിച്ചുകീറാൻ തയ്യാറായി അവിടെ നില്ക്കുകയല്ലേ?

ബൂട്സിനു ദേഷ്യംവന്നുതുടങ്ങിയപ്പോൾ അവന്റെ പേടിയൊക്കെപ്പോയി. അഴികൾക്കിടയിലൂടെ തലനീട്ടി കുരയ്ക്കുന്ന നായയുടെ മുഖത്ത് നല്ലൊരു മാന്തുവച്ചുകൊടുത്തു. ഓർക്കാപ്പുറത്തു മാന്തുകിട്ടിയ നായ് തലവലിച്ചു. എങ്കിലും അവൻ സ്ഥലം വിട്ടില്ല. മുരണ്ടുകൊണ്ട് അങ്ങനെനിന്നു

ബൂട്സ് കണ്ണടച്ച് ആലോചനയിലാണ്ട് അങ്ങനെയിരുന്നു കുറച്ചു നേരം. പെട്ടെന്നു കണ്ണുതുറന്ന് ചാടിയെഴുന്നേററു അവൻ പറഞ്ഞു:

"റൂപെർട്ട്, ഒരു കാര്യംചെയ്യ്. എന്റെ ബൂട്ട്സും കോട്ടുമൊക്കെ ഞാൻ ഊരിത്തരാം. അതെല്ലാം പോക്കററിൽ ഇട്ടുകൊള്ളൂ. ഞാൻ ഗെയ്റുകടന്നു അപ്പുറത്തെയ്ക്കു ചാടി ഒരോട്ടം കൊടുക്കാം. നായ എന്നെ പിടിക്കുടാൻ എന്റെ പിന്നാലെയോട്ടും. ആ തക്കത്തിനു അങ്ങേയ്ക്കു ഗെയ്റുകയറി ഉള്ളിൽക്കടക്കാം."

"അയ്യോ, അതുവേണ്ട"– റൂപെർട്ട് പറഞ്ഞു "ആ നായ ഭയങ്കരനാണു്. അവനിന്നെ ഉപദ്രവിച്ചാലോ?" റൂപെർട്ടിനു് ആശ്വാസർക്കാൻകൂടി വയ്യായിരുന്നു പാവം ബൂട്ട്സ്. അവനു നായ്ക്കളെന്നുവച്ചാൽ ഭയങ്കരപേടിയാണെന്നു് റൂപെർട്ടിനറിയാം.

"എന്റെ കാര്യംപോട്ടെ. എനിക്കൊന്നും വരില്ല" ബൂട്ട്സ് ധൈര്യപ്പെടുത്തി, അവൻ തന്റെ കോട്ടും കാലുറയും ഷൂസും ഊരി റൂപെർട്ടിന്റെ കൈയിൽ കൊടുത്തു. റൂപെർട്ട് അതെല്ലാം പോക്കററിൽ സൂക്ഷിച്ചു.

കൊട്ടാരത്തിന്റെ പിൻവശത്തു കണ്ടുമുട്ടാമെന്നു പറഞ്ഞു് അവർ പിരിഞ്ഞു.

ബൂട്ട്സ് പതുക്കെ ഗെയ്റിന്മേൽ പൊത്തിപ്പിടിച്ചു കയറി നായയുടെ ശ്രദ്ധയാകർഷിക്കാൻ. അവൻ അവിടെയിരുന്നുകൊണ്ടു് ഒന്നു ചീറി. നായ കുരച്ചുകൊണ്ടു പാഞ്ഞെത്തി. അവന്റെ മുഖത്തെയ്ക്കു് ചീറിത്തുപ്പിക്കൊണ്ടു് ബൂട്ട്സ് മതിലിന്റെ മുകളിലേക്ക ചാടിക്കയറി അതിന്മേൽക്കൂടി കുതിച്ചോടി. നായ പൂച്ചയെപ്പിടിക്കാനുള്ള വാശിയോടെ കുരച്ചു ബഹളം കൂട്ടിക്കൊണ്ടു് താഴേക്കൂടി പാഞ്ഞു.

ഈ തക്കത്തിൽ റൂപെർട്ട് ഗെയ്റ് കയറി മറിഞ്ഞു് കൊട്ടാരവളപ്പിൽക്കടന്നു് ഇരുട്ടിലൊളിച്ചു.

നായയുടെ കുരയും ബഹളവുംകേട്ട് ഗോപുരം കാവൽക്കാരൻ തന്റെ കൊച്ചുപുരയിൽ നിന്നു പുറത്തുവന്നു നോക്കി. വിശേഷിച്ചു ഒന്നും കാണാനില്ല. അയാൾ നായയെ ഉറക്കെ വിളിച്ചു.

"എന്തൊക്കെയാണിവിടെ നടക്കുന്നത്?" അയാൾ പിറുപിറുത്തു.

"ആരാണ് രണ്ടാം പ്രാവശ്യം മണിയടിച്ചത്? ഈ നായയ്ക്ക് എന്തുപറ്റി?"

നായ് യജമാനന്റെ അടുത്തേയ്ക്കു മടങ്ങിവന്നു; വാലാട്ടിക്കൊണ്ടുനിന്നു. അവൻ ശാന്തനായിത്തീർന്നിരുന്നില്ല എന്തോ കുഴപ്പമുണ്ടെന്നു കാവൽക്കാരനു തോന്നി. അയാൾ പടിക്കൽ പ്പോയി നോക്കി. പുറത്തു രാജാവിന്റെ രഥംമാത്രം അനക്കമില്ലാതെ കിടന്നിരുന്നു. കുതിരകൾ ഇടക്കു തലയിട്ടാട്ടുകയും, കാൽ മാറി മാറിച്ചവിട്ടുകയും ചെയ്തിരുന്നു.

കുഴപ്പമൊന്നുമില്ലെന്നു സമാധാനിച്ചശേഷം കാവൽക്കാരൻതന്നെ ചെറിയ പുരയിലേക്കു കടന്നു പോയി.

ഇതെല്ലാം ദൂരെ ഒളിച്ചു നിന്നു ശ്രദ്ധിക്കുകയായിരുന്നു റൂപെർട്ട്. കാവൽക്കാരൻ പോയിക്കഴിഞ്ഞപ്പോൾ അവൻ പതുക്കെ അവിടെ നിന്നിളകി മുന്നോട്ടു നീങ്ങി. കൊട്ടാരവളപ്പ് അപരിചിതമാണ്. ഇരുട്ടാണ്. കല്ലിൽത്തട്ടി കാൽ മുറിയരുത്. കണ്ടുകളിൽ മറിഞ്ഞു വീഴരുത്. ഒച്ചയുണ്ടാകരുത്! ശ്രദ്ധിച്ചു ശ്രദ്ധിച്ച് അവൻ മുന്നോട്ടുനീങ്ങി.

ഇനി കൊട്ടാരത്തിന്റെ പിൻവശത്തെത്തണം. ബ്രൂട്സിന്റെ കഥയെന്തായോ ആവോ! നായ അവനെ ഉപദ്രവിച്ചു കാണുമോ?

## പതിമൂന്ന്

കുറെച്ചെന്നപ്പോൾ മുന്നിൽ വലിയൊരു കിടങ്ങ്. നിറയെ വെള്ളം. കടക്കാനെന്താണ് വഴി ? ബൂട്സിനെ കാണുന്നില്ലല്ലൊ. റൂപെർട്ടിനാകെ പരിഭ്രമമായി അവൻ അല്പം ചുററി നടന്നു നോക്കി. ഒരു പാലം കണ്ടു സന്തോഷിച്ച് അടുത്തു ചെന്നു പക്ഷെപാലത്തിന്നക്കരെ കടക്കുന്നിടത്ത് ഒരു വാതിൽ. അത് ഭദ്രമായി അടച്ചു പൂട്ടിയിരിക്കുന്നു. പാലം കയറി ചെല്ലുന്നഭാഗത്തും വലിയൊരു വാതിലുണ്ട്. അതും അടച്ചിട്ടിരിക്കയാണ്.

ബൂട്സിനെ കാണണം. അതായി റൂപെർട്ടിന്റെ വിചാരം. ബൂട്സിനു നീന്താനാവില്ല. വെള്ളത്തെ അവനു വലിയ ഭയമാണ്. കണ്ടുകിട്ടിയാൽ അവനെ തോളിലെടുത്തുവച്ച് നീന്താമായിരുന്നു.

റൂപെർട്ടിനു പോക്കററിലുള്ള സ്വപ്നക്കല്ല് ഓർമ്മവന്നു. അതുപയോഗിച്ചാലോ ? പക്ഷെ ഒരെണ്ണമല്ലേ ഉള്ളു ? ഇതിനേക്കാൾ വലിയ ആവശ്യം വന്നാലോ ? അല്പംകൂടി കാക്കുക. ബൂട്സിനെ ഉറക്കെ വിളിയ്ക്കാൻ ധൈര്യമില്ല. ആരെങ്കിലും കേട്ടാലോ ? ആ നായ ഇവിടെയെങ്ങാൻ ചുററിനടക്കുന്നുണ്ടെങ്കിൽ കേമമായി.

ഇനി ബൂട്സിനെ കാത്തിട്ടു കാര്യമില്ലെന്നുറച്ചു വെള്ളത്തിൽച്ചാടാൻ തയ്യാറെടുത്തു.

പെട്ടെന്ന് വെള്ളത്തിലൊരു ശബ്ദം. സൂക്ഷിച്ചുനോക്കി. റൂപെർട്ടിനു സ്വന്തം കണ്ണുകളെ വിശ്വസിക്കാൻ തോന്നിയില്ല. ഒരു വഞ്ചി നീങ്ങി നീങ്ങി വരുന്നു. അതിൽ ചെറിയൊരു രൂപം

ഇരുന്നു തുഴയുന്നു മററാരുമല്ല; ബൂട്സ് തന്നെ! റൂപെർട്ട് ഓടിച്ചെന്നു

"ബൂട്സേ! നിന്നെ സമ്മതിക്കണം! നീ മഹാ കേമൻ തന്നെ. എവിടുന്നു കിട്ടി നിനക്കീ വഞ്ചി?"

"ശ്ശ്! പതുക്കെ. ഇപ്പോഴൊന്നും പറയാനിടയില്ല. വഞ്ചിയിൽക്കയറൂ. എന്നിട്ടു പറയാം കഥയെല്ലാം."

റൂപെർട്ട് വഞ്ചിയിൽ കയറി. കിടങ്ങിലൂടെ കൊട്ടാരത്തിൻെറ മറുവശത്തേയ്ക്കു തുഴഞ്ഞു. അതിനിടയിലാണ് വഞ്ചി കിട്ടിയ കഥ ബൂട്സ് പറഞ്ഞതു്.

നായയെ വഴിതെററിച്ച് ഓടിച്ചോടിച്ച് ബൂട്സ് ചെന്നൊളിച്ചതു് ഈ വഞ്ചിയിലായിരുന്നു. അങ്ങനെ പതുങ്ങിയിരിക്കുമ്പോഴം ഗോപുരം കാവൽക്കാരൻ വന്നു വഞ്ചിയിൽക്കയറി. വഞ്ചിയിൽ ഒരു പൂച്ചയിരിക്കുന്നതു് അയാഠം കാണുന്നില്ല. പക്ഷേ അയാഠം അതുകാര്യമാക്കിയില്ല. കാവൽക്കാരൻ കൊട്ടാരത്തിൻെറ പിന്നിൽ അടുക്കളയുടെ അടുത്തായി വഞ്ചിയിറങ്ങി അകത്തേയ്ക്കുപോയി. ആ ലാക്കിൽ ബൂട്സ് തുഴയെടുത്തു് തുഴഞ്ഞു് വഞ്ചിനീക്കി. തുഴ സാമാന്യം വലിയതു തന്നെയായിരുന്നു. എങ്കിലും അവൻ വിട്ടില്ല.

"വേഗം തുഴയൂ" ബൂട്സ് ധൃതികൂട്ടി. രാജാവു് സന്ദർശനം കഴിഞ്ഞു് ഇറങ്ങുംമുമ്പേ നമുക്കു രക്ഷപ്പെടണം."

"രാജാവ് മടങ്ങിപ്പോയിട്ടല്ലേ ദേദം?" റൂപെർട്ട് സംശയിച്ചു.

"പററില്ല. പററില്ല. രാജാവു്പോയാൽ പിന്നെ നമ്മഠംക്കു് ഒരു രഥം കിട്ടാനുണ്ടോ? നമ്മുടെ രാജാവിനേയും രാജ്ഞിയേയും

ടോമാസിനയേയും രക്ഷപ്പെടുത്തണമെങ്കിൽ രഥമില്ലാതെ പററുമോ?—"

റൂപെർട്ട് പിന്നെയൊന്നും പറഞ്ഞില്ല. ബൂട്സ് തന്റെ കോട്ടും കാലുറയും ഷൂസുമൊക്കെ എടുത്തണിഞ്ഞ് തയ്യാറായി നിന്നു.

---

## പതിനാല്

അവർ മറുകരയിലെത്തി. വഞ്ചിവലിച്ചു കയററി ഒരു മരത്തിൻെറ ചുവട്ടിൽ കുററിക്കാടിന്നിടയിൽ ഒളിച്ചുവച്ചു. കൊട്ടാരത്തിൻെറ പിൻവശത്തെ വാതിൽ തുറന്നിട്ടുണ്ടായിരുന്നു. രണ്ടുപേരും പതുക്കെ എത്തിനോക്കി. ആരുമില്ല. മെല്ലെ അകത്തു കടന്നു. അടുക്കളയിൽ, വെപ്പുകാരനും കാവൽക്കാരനും ആയിരിക്കണം, എന്തെല്ലാമോ പറഞ്ഞു ചിരിക്കുന്നു. ഇരുളടഞ്ഞ ഒരിടനാഴി മുന്നിൽ. അതിലൂടെ നടന്നു. കാൽ നിലംതൊടുന്ന ശബ്ദംപോലും കേൾക്കാതെ, ശ്വാസംവിടുന്ന ശബ്ദംപോലും പുറത്തു വരാതെ, പതുക്കെ, വളരെപ്പതുക്കെ.

കോണിപ്പടികൾ കണ്ടെത്തി. കയറാൻ തുടങ്ങി. ആദ്യത്തെ നിലയിലെത്തി ഒരു മുറിയിൽ പാത്രങ്ങൾ കൂട്ടിമുട്ടുന്ന ശബ്ദം. മന്ദമായ ചിരി. ബൂട്സ് തലനീട്ടി നോക്കി. ഒരു പൂച്ചയുടെ തല ആരെങ്കിലും കണ്ടാൽത്തന്നെ സാരമില്ലല്ലൊ. മാക്സിം രാജാവും ഒരു പ്രഭുവും ഇരുന്നു ഭക്ഷണം കഴിക്കുന്നു. വാതിൽ പതുക്കെ ചാരിയിട്ടുണ്ടായിരുന്നു. ഒച്ചയുണ്ടാക്കാതെ ബൂട്സ് കതകു പിടിച്ചു വലിച്ചു. വലിയ പ്രയാസം കൂടാതെ അതുചേർന്നടഞ്ഞു. മന്ദം മന്ദം അവൻ തഴുതു നീക്കി ശരി. അവർ അകത്തിരുന്നു ഭക്ഷണം കഴിക്കട്ടെ.

അവർ മുന്നോട്ടു നടന്നു. കോണിപ്പടികൾ. ഇടുങ്ങിയ ഇടനാഴികൾ. പിന്നേയും കോണിപ്പടികൾ. കാൽ കഴച്ചു തുടങ്ങി. എങ്കിലും കയറി. ഏററവും മുകളിലുള്ള രണ്ടു ജനാലകളിൽ നിന്നു വെളിച്ചം കണ്ടു. ആ മുറിയുടെ വാതിൽ കണ്ടു പിടിച്ചു. ഭാഗ്യം. താക്കോൽ വാതലിന്മേൽത്തന്നെയിരിക്കുന്നു. കാവൽക്കാരൊന്നുമില്ല !

"ഇവിടെ ആരും കാവൽ നില്ക്കുന്നില്ലല്ലോ. ഇതിലാവില്ല അവർ," റൂപെർട്ട് സംശയിച്ചു.

"കാവൽക്കാർ ഭക്ഷണം കഴിക്കാൻ പോയതാവും. ഇവിടെ ഈ രാത്രി ആരു വരാനാണ് എന്നു വിചാരിച്ചിട്ടുണ്ടാവും" ബൂട്സ് പറഞ്ഞു.

റൂപെർട്ട് വാതിൽ തുറന്നു. പതുക്കെ മുറിയിലേക്കു കടന്നു. മൂന്നുപേർ അമ്പരന്നു ഞെട്ടിയെഴുന്നേൽക്കുന്നു !

ടോമാസീന !

ക്ലോവിസ് രാജാവ്. രാജ്ഞി

ടോമാസീന അമ്പരന്നുനോക്കി. ഒറ്റയോട്ടത്തിന് റൂപെർട്ടിന്റെയടുത്തെത്തി കെട്ടിപ്പിടിച്ച് കരഞ്ഞു

"അരുത്. ഇപ്പോൾ കരയാൻ സമയമില്ല. കണ്ണടച്ചു തുറക്കുംമുമ്പേ നമുക്കു രക്ഷപ്പെടണം".

ആരാണീ സംസാരിക്കുന്നതെന്ന് രാജാവും രാജ്ഞിയും മകളും സൂക്ഷിച്ചുനോക്കി.

കാലുറയും കോട്ടും ധരിച്ച ഒരു പൂച്ച വാതിൽക്കൽ നിവർന്നങ്ങനെ നില്ക്കുന്നു !

"ഇതെന്തുകഥ ! ഇതു നമ്മുടെ ബൂട്സല്ലേ?" ആ വേഷത്തിലും അവരവനെ തിരിച്ചറിഞ്ഞു.

"അതൊക്കെ പിന്നെ പറഞ്ഞുതരാം"

നിശ്ശബ്ദരായി അവർ താഴോട്ടിറങ്ങി. ഇടനാഴികളിലൂടെ പടവുകളിലൂടെ, നിഴലുകളെപ്പോലെ അവർ നീങ്ങി. രാജാവ് അത്താഴം കഴിക്കുന്ന മുറിക്കു മുന്നിലൂടെ, അവർ കടന്നുപോന്നു. വാതിൽ ബൂട്സ് തഴുതിട്ടുപൂട്ടി അടഞ്ഞുകിടന്നു.

ബൂട്സ് മുന്നിലോടി വഴി പരിശോധിച്ചു. കുഴപ്പമൊന്നുമില്ലെന്നു ബോദ്ധ്യമായപ്പോൾ തിരിച്ചുവന്നു. അവരെ നയിച്ചു. കൊട്ടാരക്കെട്ടിൽ നിന്ന് അവർ പുറത്തു കടന്നു. വഞ്ചി കിടങ്ങിലേക്കു തള്ളിയിറക്കി. എല്ലാവരും കയറി നിശ്ശബ്ദം തുഴഞ്ഞു. മറുകരയിൽ ചെന്നിറങ്ങി. മുന്നിൽ ബൂട്സ് പിന്നിൽ ക്ലോവിസ് രാജാവ്. പിന്നെ രാജ്ഞി. അതിനു പിന്നിൽ ടോമാസീന. ഏററവും ഒടുവിൽ റൂപെർട്ട്. അങ്ങനെ ഒററവരിയായി അവർ നടന്നു.

ഗെയ്ററിനടുത്തെത്താറായി. മറെറാരു ദുർഘടം. നായ അവിടെക്കിടന്നുറങ്ങുന്നു. ബൂട്സ് ദൂരെനിന്നുതന്നെ അതുകണ്ടു പിടിച്ചു. അവൻ ഒരിക്കൽക്കൂടി ബുദ്ധിപ്രയോഗിച്ചു. നായയുടെ തൊട്ടരികിലൂടെ അവൻ ചീറിപ്പാഞ്ഞു. തൊട്ടുകടന്നുപോകുംവഴി നായയ്ക്കു കണ്ണക്കിലൊരു കടിയുംകൊടുത്തു. ഉറക്കത്തിൽ നിന്നു ഞെട്ടിയുണർന്ന നായ ഭ്രാന്തുപിടിച്ചതുപോലെ കുരച്ചുകൊണ്ടു പൂച്ചയുടെ പിന്നാലെ ഓടി.

ഈ സമയത്തു് റൂപെർട്ട് മററുള്ള മൂന്നുപേരെയും ഗെയ്ററിനു മുകളിലൂടെ പുറത്തേക്കു കടത്തി. അതത്ര എളുപ്പമായിരുന്നില്ല. എങ്കിലും നായ തിരിച്ചുവരും മുമ്പ് അവൻ അതു സാധിച്ചു. അവനും പുറത്തു കടന്നു. എല്ലാവരും തേരിൽക്കയറിയിരുന്നപ്പോഴേക്കും മതിലിനു മുകളിൽ നിന്നു ചാടിയിറങ്ങി ബൂട്സും ഓടിയെത്തി.

റൂപെർട്ട് തേരുതെളിച്ചു. ആറു കുതിരകളെ പൂട്ടിയരഥം കുതിച്ചു പാഞ്ഞു.

---

റൂപെർട്ട് ഓർത്തു. ഒരു സ്വർണ്ണക്കല്ല് ബാക്കിയാണല്ലോ. ഇനി ആ കല്ലുകൊണ്ടെന്തു ചെയ്യണം?

MUNAVVIRUL ISLAM HIGH SCHOOL
Date........
ERNAKULAM



രാജാവു പറഞ്ഞു. "തന്റെ രാജ്യവും മാക്സിംരാജാവിന്റെ രാജ്യവും തമ്മിൽ സമാധാനം പുലരട്ടെ എന്നു പ്രാത്ഥിക്കുക."–രാജ്ഞി അതുതന്നെ പറഞ്ഞു.

ടോമാസീന പറഞ്ഞു. "മാക്സിംരാജാവും സൈന്യവും നശിച്ചുപോകട്ടെ എന്നു പ്രാത്ഥിക്കുക"–റൂപെർട്ട് അതിനോടു യോജിച്ചു.

പക്ഷെ ബുട്സ് പറഞ്ഞു:

"നമ്മുടെ ലോകത്തേയ്ക്കു തിരിച്ചുവരാൻ മെർലിനോട് പ്രാത്ഥിക്കുക. മറെറല്ലാം അദ്ദേഹം ശരിയാക്കട്ടെ".

"ശരി."എല്ലാവരും സമ്മതിച്ചു.

റൂപെർട്ട് സ്വർണ്ണക്കല്ലു് ജപിച്ചെറിഞ്ഞു.

പെട്ടെന്നു് വലിയൊരു കാററുവീശി. പൊടി പടലമുയന്നു. ഒരു നേത്ത ചിരി എല്ലാവരും കേട്ടു. ആരോ പറയുന്നു

"നിങ്ങളെ സ്വാഗതം ചെയ്യാൻ ഞാൻ കൊട്ടാരത്തിന്റെ ഗോപുരത്തിലുണ്ടാകും, ഞാൻ തിരിച്ചു വരാം. നിങ്ങളുടെയെല്ലാം ഇടയിൽ ജീവിക്കാനാണു് എനിക്കു കൂടുതലിഷ്ടം" ആ ശബ്ദം, മെർലിന്റെ ശബ്ദം, മാഞ്ഞുപോയി.

കുതിരകൾ കുതിച്ചു പാഞ്ഞു. സന്തോഷത്തിൽ ആറാടിയ അഞ്ചുപേരെയും വഹിച്ചുകൊണ്ടു് ഓടിയകലുന്ന രഥത്തിന്റെ ചക്രങ്ങളുരുളുന്ന ശബ്ദം രാത്രിയുടെ നിശ്ശബ്ദതയിൽ മാറെറാലിക്കൊണ്ടു.

---

Printed at the R. V. Memorial Press, Tvm.

ാജ്ഞ
പ്രാ
ുവും
നോട്
നോട്
യന്റെ
ന്ന
ിന്റെ
യല്ലാം
ആ
ാടിയ
ിന്റെ
ാറെറാ

MUN[illegible] SCHOOL.
Date........................
ERNAKULAM.